കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൊടുവായൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പാലക്കാട്

E-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പി.കെ.ഡി.19/111/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
E-mail:-dopkd.ksad@kerala.gov.in
ഫോൺ- 0491-2520145

തീയതി- 20.02.2019

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊട്ടവായൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കൊടുവായൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയും, ഭാഗം 3ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത്

എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പി.കെ.ഡി19/111/2019 തീയതി- 20.02.2018

## പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 31.07.2018 മുതൽ 09.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2018 മുതൽ 21.11.2018 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2 | ശ്രീമതി. പ്രീത.യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ. ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ. ശിവപ്രസാദ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 5 | ശ്രീമതി.രമാദേവി.കെ.ആർ | ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡണ്ട് | |
| ശ്രീ.ജി.കൃഷ്ണപ്രസാദ് | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | |
| ശ്രീ. എസ്.സുബ്രഹ്മണ്യൻ | 01.04.2017 മുതൽ 13.09.2017 വരെ |
| ശ്രീമതി.ശ്രീകല. എം, അസി.സെക്രട്ടറി (സെക്രട്ടറി ഇൻചാർജ്ജ്) | 14.09.2017മുതൽ 03.10.2017 വരെ |
| ശ്രീ. വിനോദ്കുമാർ. വി | 04.10.2017 മുതൽ 31.03.2018 വരെ |

<u>(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.എഞ്ചിനീയർ | ശ്രീമതി.അനുഷ.ആർ | 01.04.2017 മുതൽ 25.12.2017 വരെ & 08.01.2018 മുതൽ 31.03.2018 വരെ |
| | ശ്രീ.ഉണ്ണി.കെ.എസ് | 26-12-2017 മുതൽ 07-01-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗോപാലകൃഷ്ണൻ.സി | 01-04-2017 മുതൽ 18-06-2017വരെ |
| | ശ്രീമതി.ശ്രീകല. എം | 19-06-2017 മുതൽ 31-03-2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മധു.കെ | 01-04-2017 മുതൽ 05-03-2018 വരെ |
| | ശ്രീ.തങ്കരാജ്.പി | 06-03-2018 മുതൽ 31-03-2018 വരെ |

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ്സ് | ശ്രീമതി.ലക്ഷ്മിക്കുട്ടി.എസ് | 01-04-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ശെൽവരാജൻ.ടി | 01-04-2017 മുതൽ 31-07-2017വരെ |
| | ഡോ.സിന്ധു.എം.എ | 01-08-2017 മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ശ്രീല.ആർ | 01-04-2017 മുതൽ 23-10-2017വരെ |
| | ഡോ.ശിവദാസ് മേനോൻ | 24-10-2017 മുതൽ 30-10-2017വരെ |
| | ഡോ.അനുരുദ്ധ | 31-10-2017 മുതൽ 31-03-2018വരെ |
| വെറ്ററിനറി സർജൻ | ഡോ.ജയൻ | 01-04-2017 മുതൽ 31-03-2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി.മഞ്ജു.എസ്.പി | 01-04-2017 മുതൽ 31-03-2018 വരെ |
| ഐ.സിഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.മുസ്തർജാൻ.എം | 01-04-2017 മുതൽ 30-09-2017വരെ |
| | ശ്രീമതി.സിനിമോൾ.കെ.ആർ | 01-10-2017 മുതൽ 31-03-2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രിൻസി എസ് ജോൺ | 01-04-2017 മുതൽ 31-03-2018വരെ |
| ഡോ.വിനയകുമാർ മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.വിനയകുമാർ | 01-04-2017 മുതൽ 31-03-2018വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 16.02.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം

അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 21-05-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | നം.കെ.എസ്.എപികെഡി.21/1904(20)/ 2018, തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 20766774 |
| വരവ് | ₹ 82111459 |
| ആകെ | ₹ 102878233 |
| ചെലവ് | ₹ 92819309 |
| നീക്കിയിരിപ്പ് | ₹ 10058924 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16127000 | 16127000 | 12792848 | 3334152 |

<table>
<tr><td colspan="2">വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)</td><td>0</td><td>12125590</td><td>12125590</td><td>8405054</td><td>3720536</td></tr>
<tr><td colspan="2">വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)</td><td>0</td><td>0</td><td>0</td><td>0</td><td>0</td></tr>
<tr><td colspan="2">മെയിന്റനൻസ്, റോഡ് (ACR പ്രകാരം)</td><td>0</td><td>8268000</td><td>8268000</td><td>8204148</td><td>63852</td></tr>
<tr><td colspan="2">മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)</td><td>0</td><td>3528000</td><td>3528000</td><td>2763927</td><td>764073</td></tr>
<tr><td colspan="2">സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)</td><td>0</td><td>7573943</td><td>7573943</td><td>7419637</td><td>154306</td></tr>
<tr><td colspan="2">കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം)</td><td>0</td><td>2732800</td><td>2732800</td><td>2506524</td><td>226276</td></tr>
<tr><td colspan="2">ദുരിതാശ്വാസനിധി</td><td>17146</td><td>24600</td><td>41746</td><td>31983</td><td>9763</td></tr>
<tr><td rowspan="2">എം.ജി.എൻ. ആർ.ഇ.ജി.എസ്</td><td>തൊഴിലാളികളുടെ കൂലി</td><td>0</td><td>15219868</td><td>15219868</td><td>15219868</td><td>0</td></tr>
<tr><td>അഡ്മിനിസ്ട്രേറ്റീവ് ചെലവ്</td><td>666</td><td>1101998</td><td>1102664</td><td>1101524</td><td>1140</td></tr>
<tr><td rowspan="2">കേന്ദ്രാവിഷ്കൃത ഫണ്ടുകൾ</td><td>ടി.എസ്.സി</td><td>0</td><td>149038</td><td>149038</td><td>127638</td><td>21400</td></tr>
<tr><td>ഐ.സി.ഡി.എസ്</td><td>795942</td><td>881632</td><td>1677574</td><td>911472</td><td>766102</td></tr>
<tr><td colspan="2">സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ</td><td>0</td><td>0</td><td>0</td><td>0</td><td>0</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 2497411 | 2497411 | 1841358 | 638053 |
| | ജില്ലാ പഞ്ചായത്ത് | 0 | 2060589 | 2060589 | 2060589 | 0 |
| ബി ഫണ്ട് | | 0 | 1142080 | 1142080 | 1142080 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 10052000 | 10052000 | 10052000 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6695677 | 12530419 | 19226096 | 12327459 | 6898637 |
| | ട്രഷറി അക്കൗണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 13383402 | 10052000 | 23435402 | 22118280 | 1317122 |

# 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 229 | 80480878 | 161 | 48721558 | - | 68 | 70.3 |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | നടപ്പാക്കിയത് | | ചെലവഴിച്ച തുക | | ചെലവ് % |
|---|---|---|---|---|---|
| | പദ്ധതികളുടെ എണ്ണം | അടങ്കൽ | പദ്ധതികളുടെ എണ്ണം | തുക | |
| കൃഷി ഓഫീസർ | 3 | 7932062 | 2 | 7496564 | 94.5 |
| വി.ഇ.ഒ | 7 | 5029336 | 6 | 2342668 | 46.58 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5044186 | 6 | 4645009 | 92.08 |
| സെക്രട്ടറി | 36 | 15230239 | 22 | 7467204 | 49.02 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 152 | 34241955 | 105 | 20986319 | 61.28 |
| മെഡിക്കൽ ഓഫീസർ-CHC | 3 | 763000 | 3 | 606289 | 79.46 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 400000 | 1 | 400000 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 150000 | 1 | 150000 | 100 |
| വെറ്ററിനറി സർജ്ജൻ | 3 | 1758000 | 3 | 378000 | 21.5 |

| | | | | | |
|---|---|---|---|---|---|
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 890000 | 1 | 890000 | 100 |
| എച്ച്.എം | 4 | 575000 | 3 | 135950 | 23.64 |
| അസി.സെക്രട്ടറി | 10 | 8467100 | 8 | 3223555 | 38.07 |
| ആകെ | 229 | 80480878 | 161 | 48721558 | 60.54 |

ആകെ വകയിരുത്തിയ തുകയുടെ 60.54% മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. സ്പിൽ ഓവർ പ്രവൃത്തികളുടെ ആധിക്യം, നിർവ്വഹണ കലണ്ടറിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കാതിരിക്കൽ, തൻവർഷം നടക്കാനിടയില്ല എന്നതു മൂലവും പല പദ്ധതികളും ഉപേക്ഷിക്കപ്പെടാനിടയാകുകയും പൂർത്തീകരണം നീണ്ടു പോകാനിടയാവുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഉൾപ്പെടുന്ന പദ്ധതികളിൽ വിഹിതം അടക്കുന്നതിന് ഗുണഭോക്താക്കാക്കൾ തയ്യാറാകാത്തതു മൂലവും പദ്ധതികൾക്ക് വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാനാകാതെ വന്നിട്ടുണ്ട്.

പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന സമിതികളുടേയും കമ്മിറ്റികളുടേയും പ്രവർത്തനം കാര്യക്ഷമമല്ല എന്നുകാണുന്നു.

1. ആസൂത്രണ സമിതി

സ.ഉ(എം.എസ്)നം. 10/17/തസ്വഭവ തിയതി 09-01-2017 പ്രകാരം പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടിതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിന് ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണസമിതിയെ ആസൂത്രണ സമിതി സഹായിക്കേണ്ടതുണ്ട്. പ്രസിഡണ്ട് അധ്യക്ഷനും സെക്രട്ടറി കൺവീനറും ഒരു വിദഗ്ദൻ ഉപാധ്യക്ഷനുമായി 12 ൽ കുറയാത്ത അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 12 അംഗങ്ങളുള്ള ആസൂത്രണ സമിതി 19.01.17ന് രൂപീകരിച്ചിട്ടുണ്ട്. 11.2.17 ൽ നടന്ന ആദ്യ യോഗത്തിൽ പ്രത്യേക ചർച്ചകളൊന്നും നടന്നതായി രേഖപ്പെടുത്തിയിട്ടില്ല. പിന്നീട് 6.2.18, 27.2.18 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും(2018-19നു വേണ്ടി) 2017-18 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി കൂടുതൽ യോഗങ്ങളൊന്നും ചേർന്നിട്ടുള്ളതായോ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെട്ടതായോ രേഖകളില്ല. ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ചുമതലകളും നിറവേറ്റിയതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങളിൽ ആസൂത്രണ സമിതിയുടെ ഇടപെടൽ കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു.

2. വർക്കിംഗ് ഗ്രൂപ്പുകൾ

അനിവാര്യമായി രൂപീകരിക്കേണ്ട 12 വർക്കിംഗ് ഗ്രൂപ്പുകളെല്ലാം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മിനിറ്റ്സുകൾ പരിശോധിച്ചപ്പോൾ പല വർക്കിംഗ് ഗ്രൂപ്പും വീതം 2-3 തവണ ചേർന്നിട്ടുള്ളതായി കണ്ടു. പദ്ധതികളുടെ ആവശ്യകത മാത്രമാണ് യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളത്. വിവിധ മേഖലകളിൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളതായി രേഖകൾ ഇല്ല. ആയതിനാൽ മേഖലകളുടെ പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് ഇവ അടിസ്ഥാനമാക്കിയിട്ടുണ്ടോ എന്നത് വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടപ്പാക്കിയതായി രേഖകളില്ല. നിർദ്ദേശിക്കപ്പെട്ട വിവിധ ചുമതലകൾ നിറവേറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മോണിറ്ററിംഗ് കൃത്യമായി നടത്താത്തതിനാൽ പല പദ്ധതികളിലും അപാകതകൾക്ക് കാരണമായിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതികണക്കുകൾ കൃത്യമായി തയ്യാറാക്കുക, പ്രൊജക്ടുകൾ ശുപാർശ ചെയ്യുക, പദ്ധതികളുടെ കൃത്യതയും നിയമസാധുതയും ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ ഒരു പരിധിവരെ പാലിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്മിറ്റിയുടെ കീഴിൽ വരുന്ന സദ്ഭരണം വർക്കിംഗ് ഗ്രൂപ്പ് തദ്ദേശസ്ഥാപനത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും സ്ഥാപനത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് പദ്ധതികളാവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല എന്നു കാണുന്നു.

- വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള ഫലപ്രദമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുക, യോഗങ്ങൾ വിളിച്ചു ചേർക്കുക, വർക്കിംഗ് ഗ്രൂപ്പുകൾക്കും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, വികസന കാഴ്ചപ്പാട് സംബന്ധിച്ച രേഖ തയ്യാറാക്കുക, പദ്ധതി തയ്യാറാക്കുക, ന്യൂനതകൾ പരിഹരിക്കുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളും നിർവ്വഹണോദ്യോഗസ്ഥരുമായി പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ചകൾ നടത്തുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായോ ചെയ്തുകാണുന്നില്ല. പദ്ധതികൾ മുടങ്ങിപ്പോകാത്തവിധം ആവശ്യമായ ഭൗതിക സാഹചര്യം, ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ല.

- ക്ഷേമകാര്യം, ആരോഗ്യംവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ

വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചു ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, വർക്കിംഗ്

ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക, വിഷയവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക, ഭരണസമിതിക്ക് ശുപാർശ ചെയ്യുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിറവേറ്റിയിട്ടുള്ളത്.

തൻ വർഷത്തെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും മേൽ സൂചിപ്പിച്ച കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കുറേക്കൂടി ഫലപ്രദമാക്കേണ്ടതാണെന്ന് വിലയിരുത്തുന്നു. വിവിധ തലങ്ങളിലുണ്ടാകുന്ന പാളിച്ചകൾ പദ്ധതി പ്രവർത്തനങ്ങളിലെ വീഴ്ചക്ക് കാരണമാകുമെന്നതിനാൽ ഗ്രാമപഞ്ചായത്ത് ഈ വിഷയം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 666 | 1101998 | 1102664 | 1101524 | 1140 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 15219868 | 15219868 | 15219868 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 70080 | 163 |
| കർഷകതൊഴിലാളി പെൻഷൻ | 7914700 | 651 |
| വിധവാപെൻഷൻ | 16627700 | 1404 |
| വാർദ്ധക്യകാലപെൻഷൻ | 19495400 | 1532 |
| വികലാംഗപെൻഷൻ | 3438000 | 300 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 675600 | 80 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018 ഉച്ചയ്ക്ക് ശേഷം 2.20 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട

ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4377/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.

- ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

- വസ്തു നികുതി, വാടക, വെള്ളക്കരം എന്നീ ഇനങ്ങളിലെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഉത്തരവാദപ്പെട്ടവർ ഉറപ്പാക്കേണ്ടതാണ്.

- സംയുക്ത പ്രൊജക്ടിനായി ലഭ്യമായ തുക പൂർണ്ണമായി സമയബന്ധിതമായി ചെലവഴിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

- ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്ടിന് തുക വകയിരുത്തിയിട്ടില്ല.

- ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നതിന് സൗകര്യ പ്രദമായ ഒരു സ്ഥലമൊരുക്കുന്നതിനോ പൊതുജനങ്ങൾക്ക് ഇരിപ്പിട സൗകര്യമൊരുക്കുന്നതിനോ പഞ്ചായത്തിന് നാളിതുവരെ കഴിഞ്ഞിട്ടില്ല.

- പൗരാവകാശ രേഖ പുതുക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

- പഞ്ചായത്ത്, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങൾ എന്നിവയ്ക്കായുള്ള വാങ്ങലുകൾക്കായി പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുകയോ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖക്കനുസൃതമായ നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കുകയോ ചെയ്തിട്ടില്ല.

രേഖകളുടെ സൂക്ഷിപ്പ്

- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. സാധന സാമഗ്രികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

- മുന്നിരിപ്പുകൾ ഉൾപ്പെടെ ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.
- അസി. എഞ്ചിനീയർ ബിറ്റുമിന്റെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ തയ്യാറാക്കിയിട്ടില്ല.
- വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്കുകൾക്കു പുറമെ ഫ്യുവൽ ഓർഡർ

ബുക്ക്, ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ കൂടി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.10.2018 | 01.09.2018 മുതൽ 30.09.2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21-12-2009 മുതൽ 02.01.2010 വരെ | 2004-05 മുതൽ 2008-09 വരെ | 04.02.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ഒന്നുമില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ-214, സർക്കാർ ഉത്തരവ്(ആർ.റ്റി)നം.3291/2016 /ത.സ്വ.ഭ.വ തിയതി.02.12.2016 പ്രകാരമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ്-പദ്ധതി, പദ്ധതിയേതര നിർദ്ദേശങ്ങൾ നിർവഹണ ഉദ്യോഗസ്ഥരും സ്റ്റാന്റിംഗ് കമ്മറ്റികളും ജനുവരി 15-ന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കേണ്ടതാണ്.

2. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മേൽ നിർദ്ദേശങ്ങളിൽ നിന്നും ബജറ്റ് തയ്യാറാക്കേണ്ടതും കരട് ബജറ്റ് അനുബന്ധ രേഖകൾ സഹിതം മാർച്ച് മാസത്തിലെ ആദ്യ ആഴ്ചയിൽ തന്നെ പഞ്ചായത്ത് കൗൺസിലിന്റെ അംഗീകാരത്തിന് വെയ്ക്കേണ്ടതുമാണ്.

3. പഞ്ചായത്ത് കൗൺസിൽ ആവ്ശ്യമായ ചർച്ചകൾക്ക് ശേഷം മാർച്ച് 31 ന മുമ്പായി ബജറ്റ് പാസാക്കിയിരിക്കണം.

എന്നാൽ കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിൽ മേൽപ്രകാരമുള്ള നടപടിക്രമങ്ങൾ

പാലിക്കപ്പെട്ടിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിറ്റ്സ് പ്രകാരം 21.3.2017 തിയതിയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ ബജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ച് പാസാക്കി. തുടർന്ന് ഭരണസമിതിയുടെ 27.3.2017 ലെ 1(1) ാം നമ്പർ തീരുമാന പ്രകാരം അംഗീകാരം ലഭ്യമാകുകയും ചെയ്തു.

മേൽ മിനിറ്റ്സുകൾ, ബജറ്റിന്റെ പ്രിന്റ് ചെയ്ത പകർപ്പ് എന്നിവ ഒഴിച്ച് ബജറ്റിന്റെ നടപടിക്രമങ്ങൾ യാഥാവിധി ചെയ്തതായുള്ള യാതൊരു രേഖകളോ ബജറ്റ് ഫയലോ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് ചേർത്തിട്ടുള്ളതായോ, സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥർ നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതായോ നിർവഹണ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയോ ചെയ്തതായും രേഖകൾ പ്രകാരം കാണുന്നില്ല. അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ചാണോ കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27) വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചർച്ച ചെയ്തിട്ടുള്ളതാണ്.അംഗീകരിച്ച വാർഷിക പദ്ധതികളും നോൺ പ്ലാൻ എസ്റ്റിമേറ്റുകളും സംയോജിപ്പിച്ച തന്നെയാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത് എന്നാൽ ഇക്കാര്യങ്ങൾ രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട് എന്നാണ് ഗ്രാമ പഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്.തുടർന്നുള്ള വർഷങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെ ചെലവുകൾക്കുള്ള അടിസ്ഥാന അനുമതിയായ ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിച്ചിട്ട മാത്രമേ തുടർന്നുള്ള വർഷങ്ങളിൽ പാസാക്കപ്പെടുന്നുള്ളൂ എന്ന് ബന്ധപ്പെട്ട സ്ററാന്റിംഗ് കമ്മറ്റിയും ഭരണസമിതിയും കൃത്യമായി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 ലേലം - വരവ് ഉറപ്പാക്കേണ്ടതാണ്.

കൊട്ടുവായൂർ പഞ്ചായത്തിന്റെ വിവിധ വസ്തുവകകളുടെ 2017-18 വർഷത്തേക്കുള്ള ലേലം 18/3/17-ന് നടന്നിട്ടുണ്ടെങ്കിലും ഈയിനത്തിലെ വരവ് പൂർണമായി ലഭിച്ചിട്ടില്ല എന്ന് കാണുന്നു. ലേല ഡയറി, രജിസ്ററർ, ലേലം ഫയൽ എന്നിവയുടെ പരിശോധനയിൽ നിന്നും വ്യക്തമായ കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. മണ്ണിര കമ്പോസ്റ്റ് പിറ്റ് ശ്രീ.ഷൗക്കത്തലി എന്നയാൾ 95100/- രൂപയ്ക്ക് ലേലത്തിലെടുത്തിട്ടുള്ളതായി ലേല ഡയറിയിൽ നിന്നും വ്യക്തമായി. ഇദ്ദേഹം 20000/- രൂപയാണ് ആകെ അടവാക്കിയിട്ടുള്ളത്. ലേലതുക പൂർണമായി ഒടുക്കിയിട്ടില്ല. ഇക്കാരണത്താൽ എഗ്രിമെന്റ് വയ്ക്കുകയോ ബാക്കി തുക ഈടാക്കുകയോ ചെയ്തിട്ടില്ല.

2.ലേലം ഉറപ്പിച്ച ആളുടെ തുകയുടെ തൊട്ടു താഴെയുള്ള തുക 95000/- ലേലം വിളിച്ച ആളുമായി ലേലം ഉറപ്പിക്കുന്നതിനു ശ്രമിക്കുകയോ ചെയ്തതായി കാണുന്നില്ല.

3.കൂടാതെ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 17.01.2018ലെ 3-ാം നമ്പർ തീരുമാനം അനുസരിച്ച് മണ്ണിര കമ്പോസ്റ്റ് പിറ്റ് ലേലം ചെയ്യേണ്ടതില്ല എന്ന് ഭരണസമിതിയോട് ശുപാർശ

ചെയ്യാൻ തീരുമാനിച്ചതായും കാണുന്നു.

6650/- രൂപയിൽ നിന്നും ആരംഭിച്ച് 95100/- രൂപയിലാണ് ലേലം വിളി അവസാനിപ്പിച്ച് ഉറപ്പാക്കിയിരിക്കുന്നത്. ശ്രീ. ഷൗക്കത്തലി ലേലം ഉറപ്പിച്ച തുക മുൻവർഷത്തേക്കാൾ വളരെ ഉയർന്നതായതിനാൽ (16-17ൽ ഈയിനത്തിന് 6330/- രൂപ മാത്രമാണ് ഉണ്ടായിരുന്നത്) തുക പൂർണമായി ഒടുക്കുന്നത് പ്രയാസമാണ് എന്നും അന്നേ ദിവസം 20000/- രൂപ മാത്രം അടവാക്കാൻ അനുവദിക്കണമെന്ന് അപേക്ഷിച്ച് 20.3.2017ന് കത്ത് നല്കിയിട്ടുണ്ട്. 11602108209/20.3.2017 രശീതി പ്രകാരം തുക അടവാക്കുകയും ചെയ്തിട്ടുണ്ട്. ഭരണ സമിതിയുടെ 24.3.2017 ലെ 2-ാം നമ്പർ തീരുമാനപ്രകാരം ലേലം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മണ്ണിര കമ്പോസ്റ്റ് പിറ്റ് നടത്തിപ്പ് ശ്രീ. ഷൗക്കത്തലിക്ക് അനുവദിച്ചതായി 24.4.17-ന് കത്ത് നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും ബാക്കിയുള്ള ലേലത്തുക ഒടുക്കിയിട്ടില്ല. ലേല തുക ഈടാക്കാത്തത് സംബന്ധിച്ച എൻക്വയറിയ്ക്ക് (16/17.11.18) ലഭിച്ച മറുപടി-ലേല ഫയലിൽ സൂക്ഷിച്ചിട്ടുള്ള മുദ്രപത്രത്തിൽ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. നിയമാനുസൃതമായി കരാറുകാരനും സെക്രട്ടറിയും ഒപ്പുവയ്ക്കുകയും ചെയ്തിട്ടില്ല. കുടിശ്ശിക വരുത്തിയതിന്റെ കുടിശ്ശിക വരുത്തിയ തുക അന്വേഷണം നടത്തി അടവാക്കുന്നതാണെന്നും ,കുടിശ്ശിക വരാനിടയായ കാരണം മുൻ സെക്രട്ടറിമാരിൽ നിന്നും അന്വേഷിച്ചും അറിയിക്കുന്നതാണ് എന്നും - നിലവിലെ സെക്രട്ടറി അറിയിച്ചു.

വികസനകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റിയുടെ 17.1.2018 ലെ മൂന്നാം നമ്പർ തീരമാനമനുസരിച്ച് മാലിന്യസംസ്കരണത്തോടനുബന്ധിച്ച് നിർമാണ പ്രവർത്തികൾ നടന്നു വരുന്നതിനാൽ 18-19 ലേക്ക് ലേലം ചെയ്യേണ്ടതില്ല എന്ന് ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്. നിർമാണ പ്രവർത്തികൾക്ക് ശേഷം ഹരിത കർമ്മസേന വഴി മണ്ണിര കമ്പോസ്റ്റ് പിറ്റ് പ്രവർത്തിപ്പിക്കാനാണ് വിഭാവനം ചെയ്യുന്നത് എന്നതിനാലുമാണ് ഇപ്രകാരം തീരുമാനമെടുത്തിട്ടുള്ളത് എന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. മേൽ വിവരിച്ച കാരണങ്ങളാൽ 2017-18ൽ മാലിന്യസംസ്കരണത്തിനായി മണ്ണിര കമ്പോസ്റ്റ് പിറ്റ് പ്രവർത്തിച്ചതിന്റെ കാലയളവ് വ്യക്തമല്ല.

ലേലം ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട മുഴുവൻ തുകയും ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, കുടിശ്ശിക പിരിവിലെ പുരോഗതി അറിയിക്കുകയും ചെയ്യേണ്ടതാണ്.

## 2-3 വെള്ളക്കരം - കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തിലെ വെള്ളക്കരം രജിസ്റ്റർ പരിശോധിച്ചതിലൂടെ വ്യക്തമായ കാര്യങ്ങൾ താഴെ ചേർക്കുന്നു. ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 75 രൂപയും, ഗാർഹികേതര കണക്ഷനുകൾക്ക് 100 രൂപയുമാണ് നിരക്ക്.

31.03.18 വരെ ആകെ 2032 കുടിവെള്ള കണക്ഷൻ നല്കിയിട്ടുണ്ട്. ഗാർഹിക കണക്ഷനുകൾ 2011, ഗാർഹികേതര കണക്ഷനുകൾ 21 എണ്ണവുമാണ്. തൻവർഷത്തിൽ 66 കണക്ഷനുകൾ വിച്ഛേദിക്കുകയും, 120 പുതിയ കണക്ഷനുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട് . ഇത്രയും അധികം

കണക്ഷനുകളുണ്ടെങ്കിലും കേവലം 17 കണക്ഷനുകളുടെ വെള്ളക്കരം മാത്രമാണ് 2017-18 വരെ പൂർണമായി ഒടുക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് . രജിസ്റ്ററിലെ സംക്ഷിപ്തം അനുസരിച്ച് 1722300/- രൂപ തൻവർഷത്തെ ഡിമാന്റും, 2722549 കുടിശ്ശിക ഡിമാന്റും ഉണ്ടെങ്കിലും കളക്ഷൻ തുക യഥാക്രമം 1232020/- രൂപയും, 346805/- രൂപയും മാത്രമാണ്. വെള്ളക്കരം 2375744/- രൂപ കുടിശ്ശികയുള്ളത് ഈടാക്കുന്നുള്ള നടപടികളെടുക്കേണ്ടതാണ്. ഇതിനായി നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് എൻക്വയറി നമ്പർ 15ന് നല്കിയതിന് കുടിശ്ശിക ഈടാക്കുന്നതിനായി നോട്ടിസ് അയക്കുകയും നേരിട്ട് പിരിച്ചെടുക്കുകയും ചെയ്യുന്നുണ്ട് എന്നറിയിച്ചു. കുടിശ്ശിക പൂർണമായി പിരിച്ചെടുത്തതിനുശേഷമാണ് കണക്ഷനുകൾ വിച്ഛേദിച്ചത് എന്നും മറുപടിയിൽ അറിയിച്ചു.

## 2-4 വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും, ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

സേവന ഉപനികുതികൾ ഈടാക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ച് നികുതി വരുമാനം ഉറപ്പാക്കേണ്ടതാണ്.

## 2-5 ക്യാൻസൽഡ് രശീതികളുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

2017-18ലെ ക്യാൻസൽഡ് രസീപ്റ്റ്സ് റിപ്പോർട്ട് രശീതി കൗണ്ടർഫോയിൽ എന്നിവയുമായി ഒത്തു നോക്കിയതിൽ ക്യാൻസലേഷൻ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന അപാകതക ഉള്ളതായി വ്യക്തമായി

ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽഡ് ആയി റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല. ഉദാഹരണം -

D 21789122 , D 2178946, D 2178999, D 2179011 , D21740565, D 2740598, D 2740709 എന്നീ രശീതികൾ ജൂൺ 2017 ൽ ഉപയോഗത്തിനായി എടുത്ത് രശീതി പ്രിന്റ് ചെയ്യാൻ ഉപയോഗിക്കാത്തവയും, ക്യാൻസൽ ചെയ്തിട്ടില്ലാത്തവയുമാണ്. ഇതേക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് ലഭിച്ച മറുപടി ഇപ്രകാരമാണ്. ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്ന പ്രിന്ററിൽ ചില അവസരങ്ങളിൽ രശീതുകൾ കുടുങ്ങി രണ്ട് സ്റ്റേഷനറികളിലായി പ്രിന്റ് വരാറുണ്ട് . അത്തരം സന്ദർഭങ്ങളിൽ രശീതി ക്യാൻസൽ ചെയ്ത് അതേ രശീതി നമ്പറിൽ പുതിയ രശീതി നല്കാറുണ്ട്. അങ്ങനെ ചെയ്യുമ്പോൾ ക്യാൻസൽ ചെയ്തതിന്റെ ഒരു സ്റ്റേഷനറി നമ്പർ മാത്രമേ രേഖപ്പെടുത്താൻ സാധിക്കുകയുള്ളൂ എന്നതിനാലാണ് ക്യാൻസലേഷനിൽ ഒരു സ്റ്റേഷനറി നമ്പർ മാത്രം വരുന്നത് എന്ന് അറിയിച്ചു. ഉപയോഗിക്കാത്ത രശീതികളിൽ യഥാസമയം ക്യാൻലേഷൻ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 2-6 വർക്ക്ഷോപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു- ലൈസൻസ് എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2017- 18 വർഷത്തെ വിവരാവകാശം ഫയൽ പരിശോധിച്ചതിൽ 1.3.2018 ലെ വിവരാവകാശ അപേക്ഷ നമ്പർ A3/1605/18 നുള്ള മറുപടിയായി പഞ്ചായത്ത് പരിധിയിൽ ആകെ 14 ഇൻഡസ്ട്രിയൽ വർക്ക്ഷോപ്പുകളും, 7 ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകളും ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ 9 എണ്ണത്തിനു മാത്രമാണ് ഡി&ഓ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നത്.

ലൈസൻസില്ലാത്ത സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ

| ക്രമ നമ്പർ | ഉടമയുടെ പേര് | കെട്ടിട നമ്പർ | സ്ഥാപനത്തിന്റെ പേര് | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ഷിജു, ചാന്തിരുത്തി | | ബിജു ഇൻഡസ്ട്രീസ് | ഡി&ഓ ലൈസൻസ് ഇല്ല |
| 2 | ഷാജഹാൻ, കുനിശ്ശേരി | 2/554 | വർക്ക്ഷോപ്പ് | ഡി&ഓ ലൈസൻസ് ഇല്ല |

| | | | | |
|---|---|---|---|---|
| 3 | റഷീദ്, ആൽത്തറ | 5-ാം വാർഡ് | ഗോകുലം എൻജിനീയറിങ് വർക്സ് | ഡി&ഓ ലൈസൻസ് ഇല്ല |
| 4 | രാജേഷ്,ബൈപാസ് റോഡ്, എത്തനൂർ | 2/330 | കളത്തിൽ വെൽഡിങ്ങ് | ലൈസൻസ് പുതുക്കിയിട്ടില്ല |
| 5 | ശ്രീധരൻ, ഗ്രാമപീടിക | 11/738 | വർക്ക്ഷോപ്പ് | ലൈസൻസ് പുതുക്കിയിട്ടില്ല |
| 6 | മുഹമ്മദ്, കൊരങ്ങോട് | 11-ാം വാർഡ് | എസ്. എം. ഇൻഡസ്ട്രിയൽ | ലൈസൻസ് പുതുക്കിയിട്ടില്ല |
| 7 | മണിയൻ, ഗ്രാമപീടിക | 11/739 | വെൽഡിങ്ങ് വർക്ക്ഷോപ്പ് | ലൈസൻസ് പുതുക്കിയിട്ടില്ല |
| 8 | മണികണ്ഠൻ , ഗ്രാമപീടിക | 11/742 | വെൽഡിങ്ങ് വർക്ക്ഷോപ്പ് | ലൈസൻസ് പുതുക്കിയിട്ടില്ല |
| 9 | ദാമോദരൻ, പിട്ടുപീടിക | 18/ 108 | വെൽഡിങ്ങ് വർക്ക്ഷോപ്പ് | ലൈസൻസ് പുതുക്കിയിട്ടില്ല |
| 10 | ദിവാകരൻ& ഉണ്ണികൃഷ്ണൻ, ആലത്തൂർ റോഡ്, പിട്ടുപീടിക | 18/145 | വെൽഡിങ്ങ് വർക്ക്ഷോപ്പ് | ലൈസൻസ് പുതുക്കിയിട്ടില്ല |
| 11 | ബാലൻ, പിട്ടുപീടിക | 18/593 | വർക്ക്ഷോപ്പ് | ലൈസൻസ് പുതുക്കിയിട്ടില്ല |
| 12 | ദാസൻ, പിട്ടുപീടിക | 18/193 | വർക്ക്ഷോപ്പ് | ലൈസൻസ് പുതുക്കിയിട്ടില്ല. |

ഇതേക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക്(28/21.11.2018) മറുപടിയായി ക്രമ നമ്പർ 3,6,7 എന്നിവർ

ലൈസൻസ് പുതുക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്. ഇവർക്ക് മലിനീകരണനിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപ പത്രങ്ങൾ ഇല്ലാത്തതിനാൽ ഇക്കാര്യം അറിയിച്ച് സ്ഥാപന ഉടമകൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്നും സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് ലൈസൻസ് അനുവദിക്കുന്നതാണ് എന്നും അറിയിച്ചു. പട്ടികയിൽ ഉൾപ്പെട്ട മറ്റ് സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷിച്ചില്ല എന്നും കാര്യവും ഇതോടൊപ്പം അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 വാടക -കുടിശ്ശിക ഈടാക്കേണ്ടതാണ്.

കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 2 കംഫർട്ട് സ്റ്റേഷൻ, കാലിസ്ഥലങ്ങൾ, കടമുറികൾ എന്നിവ ഉൾപ്പടെ 59 എണ്ണം വാടകയ്ക്ക് നല്കിയിട്ടുണ്ട്. അൻപതിലധികം മുറികളും, സ്ഥലങ്ങളും വാടകയ്ക്ക് നല്കിയിട്ടുണ്ടെങ്കിലും പഞ്ചായത്തിന് വാടക സംബന്ധിച്ച് ബൈലോ ഇല്ല. വാടകക്കാരുമായി എഗ്രിമെന്റ് വച്ചിട്ടുണ്ടെങ്കിലും മുദ്രപത്രത്തിൽ വാടക ഒടുക്കേണ്ട തിയതിയോ, പിഴയുടെ നിരക്കോ രേഖപ്പെടുത്തിയിട്ടില്ല. ഓരോ വർഷവും വാടക നിരക്കിൽ 5% വർദ്ധനവ് വരുത്തുന്നുണ്ട്. 2017-18 വർഷത്തിൽ വാടകയ്ക്ക് നല്കിയ മുറികളിൽ 6 എണ്ണത്തിന് കുടിശ്ശികയുണ്ട് .

കുടിശ്ശികയുള്ളതിന്റെ വിവരങ്ങൾ :

| ക്രമ നമ്പർ | വാടകക്കാരൻ | റൂം നമ്പർ | മാസവാടക | ഒടുക്കാനുള്ള തുക |
|---|---|---|---|---|
| 1 | സുബൈർ | 2 | 7597 | 91164 |
| 2 | സെയ്തു മുഹമ്മദ് | 23, 28, 29 | 246, 246,246 | 10257 |
| 3 | ഷാജഹാൻ | ന്യൂ കോംപ്ലക്സ്, കുഴൽമന്ദം റോഡ് | 16800 | 78288 |
| 4 | മണികണ്ഠൻ | ന്യൂ കോംപ്ലക്സ്, കുഴൽമന്ദം റോഡ്ഡ് | 1600 | 24096 |
| 5 | ഹുസൈൻ | ന്യൂ കോംപ്ലക്ക്സ്, മെയിൻ റോഡ് | 34398 | 237670 |

| | | | | |
|---|---|---|---|---|
| 6 | ജ്യോതിഷ് | നൊച്ചൂർ ബസ് സ്റ്റാന്റ് | 913 | 12691 |

കുടിശ്ശിക വരുത്തിയ വ്യക്തികൾ തുക ഒടുക്കാത്തപക്ഷം, കുടിശ്ശിക ഈടാക്കുന്നതിനായി കടമുറി ഒഴിയാൻ അവശ്യപ്പെടുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ വാടകക്കാർക്ക് നോട്ടീസ് നല്കിയിട്ടുണ്ട് എന്ന് പഞ്ചായത്തധികൃതർ അറിയിച്ചു.(എൻക്വയറി നമ്പർ 5/ .11.2018)

## 2-8 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1. 2017-18 വർഷത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിലേയ്ക്കായി സ്ഥാപനങ്ങളുടെയും, ട്രേഡേഴ്സിന്റെയും, തൊഴിൽ നികുതി ആയതനുസരിച്ച് സ്ഥാപനങ്ങളുടെയും, കച്ചവടക്കാർ, മറ്റ് തൊഴിലാളികൾ/പ്രൊഫഷണലുകൾ എന്നിവരുടെയും എണ്ണം ഒടുക്കുവാൻ ബാധ്യസ്ഥരായ മറ്റ് വ്യക്തികൾ/തൊഴിലിലേർപ്പെട്ടവർ എന്നിവയുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചു. തൊഴിൽ നികുതി ഈടാക്കിയതിന്റെ ലിസ്ററിൽ പഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ ഉൾപ്പെട്ടിട്ടില്ല. ഇക്കാലയളവിൽ പഞ്ചായത്തിൽ പ്രവർത്തിച്ച കരാറുകാരുടെ വിവരം :

1.ശ്രീ. കെ.ഗോപാലൻ

2.ശ്രീ.ആർ. നാരായണൻ

3.ശ്രീ . കെ. മധുസൂധനൻ

4.ശ്രീ. വി. സുന്ദരൻ

5.ശ്രീ. വി.കുഞ്ഞുക്കുട്ടൻ

6.ശ്രീ. കെ.മോഹനൻ

7.ശ്രീ. കെ.ആർ. ബാലസുബ്രഹ്മണ്യൻ

കരാറുകാരിൽ നിന്നും കൂടി തൊഴിൽ നികുതി റിട്ടേൺസ് ആവശ്യപ്പെട്ട് വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-9 കെട്ടിട നിർമാണം -പെർമിറ്റ്, ക്രമവൽക്കരണം - അനധികൃത നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതാണ്.

കൊടുവായൂർ ഗ്രാമപഞ്ചായത്ത് കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിൽ കാറ്റഗറി I ൽ ഉൾപ്പെട്ട പഞ്ചായത്താണ്. കെട്ടിട നിർമാണ ചട്ടങ്ങളനുസരിച്ച് പഞ്ചായത്തിൽ എതൊരു വിധത്തിലുള്ള നിർമാണ പ്രവർത്തനത്തിനും പഞ്ചായത്തിൽ നിന്നുള്ള മുൻകൂർ അനുമതി, അഥവാ പെർമിറ്റ് ഉണ്ടായിരിക്കേണ്ടതാണ്.2017-18 വർഷത്തിൽ ആകെ 211 കെട്ടിടങ്ങൾക്കാണ് നമ്പർ അനുവദിച്ചിട്ടുള്ളത്. ഇതിൽ 110 എണ്ണം ക്രമവൽക്കരിച്ചവയാണ് എന്നത് ശ്രദ്ധിക്കേണ്ട വസ്തുതയാണ്. പഞ്ചായത്തിൽ നിന്നുള്ള പെർമിറ്റ് ഇല്ലാതെ നിർമാണം നടത്തുകയോ ,

അനുവദിച്ച പെർമിറ്റിൽ നിന്നും വ്യതിചലിച്ച് നിർമാണം നടത്തുകയോ ചെയ്യുമ്പോഴാണ് ക്രമവൽക്കരണം ആവശ്യമായി വരുന്നത് . അതു പോലെ തന്നെ 2017- 18 വർഷത്തിൽ 222 പെർമിറ്റ് അപേക്ഷകൾ ലഭിച്ചതിൽ 180 എണ്ണത്തിന് പെർമിറ്റ് അനുവദിക്കുകയും 42 എണ്ണം നിരസിക്കുകയും ചെയ്തിട്ടുണ്ട്. കെ.പി.ബി.ആർ ലംഘനമുള്ള, നിരസിച്ച പെർമിറ്റ് അപേക്ഷകളിൽ അനുമതിയില്ലാതെ നിർമാണം നടക്കുന്നുണ്ടോ എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ സ്വീകരിക്കുന്ന തുർനടപടികളെക്കുറിച്ച് അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(20/21.11.2018) ലഭിച്ച മറുപടി : 1.പെർമിറ്റ് നിരസിച്ച അപേക്ഷകളിൽ നിയമാനുസൃതമല്ലാത്ത കെട്ടിടനിർമാണം നടത്തിയതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല എന്നും അപ്രകാരം നടക്കുന്ന പക്ഷം നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു.

2.സമർപ്പിക്കപ്പെട്ട പെർമിറ്റ് അപേക്ഷകളിലെ നിർമാണം അനധികൃതവും റൂൾ വയലേഷൻ ഉള്ളവയുമാണെന്ന് വ്യക്തമാകുന്ന സാഹചര്യത്തിൽ ആയത് സംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

3.അനധികൃത നിർമാണം പരിശോധിക്കുന്നതിന് ബന്ധപ്പെട്ട വാർഡ് സ്റ്റാഫിനെയും സെക്ഷനെയും എൽ . എസ്. ജി. ഡി വിങ്ങിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചു .

നിയമാനുസൃതമല്ലാത്ത പ്ളാനുകൾ, പെർമിറ്റ് അപേക്ഷകൾ നിയമാനുസൃതമാണെന്ന് സാക്ഷ്യപ്പെടുത്തുകയും, ഒന്നിലധികം തവണ ഇത്തരം നിയമലംഘനങ്ങളുള്ള പ്ളാനുകൾ സമർപ്പിക്കുന്ന ലൈസൻസ്ഡ് എഞ്ചിനീയർമാർ/സൂപ്പർവൈസർമാർ, എഞ്ചിനീയറിങ് കൺസൽട്ടൻസികൾ മുതലായവരിൽ നിന്നും ഇക്കാര്യത്തിൽ വിശദീകരണം തേടേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-10 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം. 37229812240, കൊടുവായൂർ) 12.11.2018 ന് 66711/-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുകയിൽ 41320/-രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില 11.06.2018ന് അസി.എഞ്ചിനിയറുടെ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുള്ളതാണ്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സദ്ഭരണം - പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ. തിയതി. 29.3.2017 പ്രകാരം സദ്ദേശ ഭരണ സ്ഥാപനം സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾകൊണ്ട് കൊണ്ട് പൗരാവകാശ രേഖ, സേവനാവകാശ നിയമം, അറിയാനുള്ള അവകാശം എന്നിവ പരിഗണിച്ചു കൊണ്ട് ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ ഗവേണൻസ് എന്നിവ ഇതിന്റെ ഭാഗമാക്കണം. പൊതുഭരണം വർക്കിംഗ് ഗ്രൂപ്പ് തൻവർഷം ഫ്രണ്ട് ഓഫീസ് മെച്ചപ്പെടുത്തൽ, ഹെൽപ്പ് ഡെസ്ക് തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നുവെങ്കിലും പദ്ധതികളൊന്നും നടപ്പിലായില്ല. ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്ററിന് തുക വകയിരുത്തുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഘടക സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണത്തിനായി വകയിരുത്തിയ തുക ചെലവഴിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തിക്കുന്നതിന് സൗകര്യപ്രദമായ ഒരിടം കണ്ടെത്തുന്നതിനോ ജനങ്ങൾക്ക് ഇരിപ്പിടസൗകര്യം ഒരുക്കുന്നതിനോ പഞ്ചായത്തിന് നാളിതുവരെ കഴിഞ്ഞിട്ടില്ല. പൗരാവകാശ രേഖ നിയമാനുസൃതം പുതുക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ,സേവനങ്ങൾ എന്നിവ ധനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി, വികസനകാര്യ സ്റ്റാൻഡിംങ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം.18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 3-2 കണ്ണങ്കോട് ശിശുമന്ദിരം - അദ്ധ്യാപികമാർക്ക് അധികമായി അനുവദിച്ച ഹോണറേറിയം തിരിച്ചു പിടിക്കേണ്ടതാണ്.

കണ്ണങ്കോട് ശിശുമന്ദിരത്തിലെ അദ്ധ്യാപികമാരായ ശ്രീമതി ഗീത, ശ്രീമതി പ്രിയ എന്നിവർക്ക് സർക്കാർ ഉത്തരവ് (എം.എസ്) നം 87/2017/ത.സ്വ.ഭ.വ തീയതി 24.04.17നെ അടിസ്ഥാനപ്പെടുത്തി നിലവിലുള്ള ഹോണറേറിയം 3500/-രൂപയിൽ നിന്ന് 10000/-

രൂപയായി വർദ്ധിപ്പിച്ച് സപ്തംബർ/17, ഒക്ടോബർ/17, നവംബർ/17 എന്നീ മാസങ്ങളിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള വർദ്ധനവ് പതിനൊന്നിന പരിപാടിയുടെ ഭാഗമായി ആരംഭിച്ചിട്ടുള്ള ശിശുമന്ദിരങ്ങളിലെ ജീവനക്കാർക്ക് മാത്രമാണ്. കണ്ണങ്കോട് ശിശുമന്ദിരം പതിനൊന്നിന പരിപാടിയുടെ ഭാഗമായി ആരംഭിച്ചിട്ടുള്ളതല്ലാത്തതിനാൽ മേൽ ജീവനക്കാർക്ക് 3 മാസത്തേക്ക് ഹോണറേറിയമിനത്തിൽ 39000/- രൂപ അധികം അനുവദിച്ചിട്ടുണ്ട്. (6500x3x2)

അധികം അനുവദിച്ച തുക തിരികെ ഈടാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം നം.15 /31.01.18 ൽ നിശ്ചയിച്ചതനുസരിച്ച് താഴെ പറയും പ്രകാരം തുകകൾ ഫെബ്രുവരി/18 മുതൽ ഒക്ടോബർ/18 വരെയുള്ള കാലയളവിൽ തിരികെ ഈടാക്കിയിട്ടുണ്ട്.

ശ്രീമതി ഗീത - 4 ഗഡുക്കൾ - 2500 x 4 = 10000

ഈടാക്കേണ്ട ബാക്കി - 19500 – 10000 = 9500

ശ്രീമതി പ്രിയ – 7 ഗഡുക്കൾ - 2500 x 7 = 17500

ഈടാക്കേണ്ട ബാക്കി - 19500 – 17500 = 2000

ഈടാക്കുവാനുള്ള ബാക്കി (9500 + 2000) രൂപയുടെ തിരിച്ചടവ് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 വാഹനങ്ങളുടെ വിനിയോഗം - രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കൃത്യമാക്കേണ്ടതാണ്

പഞ്ചായത്തിൽ ഓഫീസ് വാഹനത്തിനുപുറമെ ഖരമാലിന്യ പദ്ധതിക്കായി ഒരു ട്രാക്ടർ, പാലിയേറ്റീവ് പദ്ധതിക്കായി ഒരു ആംബുലൻസ് എന്നീ വാഹനങ്ങൾ ഉപയോഗിച്ചു വരുന്നു. ജി.ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ 30.06.07 പ്രകാരം വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ലോഗ് ബുക്കുകൾക്കു പുറമെ താഴെ പറയുന്ന രജിസ്റ്ററുകൾ കൂടി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1. ഫ്യുവൽ ഓർഡർ ബുക്ക്

2. ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യുവൽ രജിസ്റ്റർ

3. സ്റ്റോക്ക് രജിസ്റ്റർ

ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റെയും ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് മോട്ടോർ വെഹിക്കിൾ വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും, ഇന്ധന ഉപയോഗത്തെ സംബന്ധിച്ച് ഒരു സാക്ഷ്യപത്രം ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 3-4 സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക്

## ട്രഷറിയിൽ നിന്നും നേരിട്ട് നൽകേണ്ടതാണ്

2017-18 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'നെൽ കൃഷിക്ക് കൂലി ചെലവ്" എന്ന പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 146/18 | നെൽ കൃഷിക്ക് കൂലി ചെലവ് | 67,39,412 (3350000+1379411+ 1970589+39412) | 3344664-Plan fund-General, 1379411-BP Share, 1970589-DP Share (Total-6694664) |

പദ്ധതി നടപ്പിലാക്കിയതിൽ സബ്സിഡി മുഴുവനായും കർഷകർക്ക് നേരിട്ട് നൽകാതെ ഭാഗികമായി തുക നേരിട്ട് നൽകിയും, ബാക്കി തുക സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിതിനു ശേഷം ബന്ധപ്പെട്ട സഹകരണ ബാങ്ക് (ടി ബാങ്കിൽ അക്കൗണ്ടുള്ള) ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തുക ട്രഷറിയിൽ നിന്നു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്. തുകകൾ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ചെലവഴിച്ചത് | | ബിൽ നം./ ചെക്ക് നം. & തീയതി | ആകെ തുക |
|---|---|---|---|---|
| | നേരിട്ട് | ട്രഷറിയിൽ നിന്നും സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് മാറ്റി പിന്നീട് കർഷകർക്ക് നൽകിയത് | | |
| പ്ലാൻ ഫണ്ട് (ജനറൽ) | - | 2497881 | 2/28-11-2017 | 2497881 |
| പ്ലാൻ ഫണ്ട് (ജനറൽ) | 522509 | - | 4/27-01-2018 | 522509 |
| പ്ലാൻ ഫണ്ട് (ജനറൽ) | 167047 | 107486 | 5/12-02-2018 | 274533 |
| പ്ലാൻ ഫണ്ട് (ജനറൽ) | 36184 | 13557 | 6/26-02-2018 | 49741 |
| ബ്ലോക്ക് പഞ്ചായത്ത് | 311448 | 1064892 | 2671157/ 14.03.2018 | 1376340 |

| | | | | |
|---|---|---|---|---|
| വിഹിതം | | | | |
| ജില്ലാ പഞ്ചായത്ത് വിഹിതം | 444929 | 1521274 | 2671158/ 14.03.2018 | 1966203 |

മേൽ വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.30/21-11-2018) മറുപടിയായി സബ്സിഡിയുടെ ദുരുപയോഗം ഉണ്ടായിട്ടില്ല എന്നും, സദുദ്ദേശത്തോടെ ചെയ്തതാണെന്നും അറിയിച്ചിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ആവർത്തിക്കാതിരിക്കാനും സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-5 വെറ്ററിനറി സർജ്ജൻ നടപ്പിലാക്കിയ പദ്ധതികൾ- പ്ലാൻ ഫണ്ട് മുഴുവനും ചെലവഴിച്ചില്ല

2017-18 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജ്ജൻ നിർവ്വഹണോദ്യോഗസ്ഥനായി 3 പ്രോജക്റ്റുകൾക്ക് അനുമതി ലഭിച്ച് നടപ്പിലാക്കിയത്. ഇതുപ്രകാരം ആകെ വകയിരുത്തിയ ₹-17,58,000/- യിൽ ₹-3,78,000/- മാത്രമാണ് ചെലവഴിച്ചത് (21.5%). വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) | | |
|---|---|---|---|---|---|---|
| | | | | പ്ലാൻ ഫണ്ട് | ഗുണഭോക്തൃ വിഹിതം | ആകെ |
| 1 | 24/18 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | 150000 | 150000 (MG-Non Road) | - | 150000 |
| 2 | 49/18 | ആട് വളർത്തൽ (ജനറൽ) | 1200000 (600000+ 600000) | 84000 (General) | 84000 | 168000 |
| 3 | 53/18 | ആട് വളർത്തൽ (എസ്.സി) | 408000 (306000+ 102000) | 45000 | 15000 | 60000 |
| | | ആകെ | 1758000 | 279000 | 99000 | 378000 |

മേൽ പറഞ്ഞ പദ്ധതികളുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് ഗ്രൂപ്പ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ക്രിയാത്മകമായി ചർച്ച ചെയ്തതായി മിനുട്സ് ബുക്ക് പരിശോധിച്ചതിൽ കാണുന്നില്ല. മേൽ പ്രൊജക്ടിനായി വിവിധ ഗ്രാമസഭകൾ ഗുണഭോക്താക്കളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുകയും 30.11.2017 ലെ 12(2), 12(3) നം. തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിക്കുകയും നിർവഹണ ഉദ്യോഗസ്ഥന് കൈമാറുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഉണ്ടായിരുന്നിട്ടും പദ്ധതികൾക്ക് പ്ലാൻ ഫണ്ട് പൂർണ്ണമായി ചെലവഴിച്ചില്ല.

ആട് വളർത്തൽ (ജനറൽ) എന്ന പദ്ധതിക്ക് 78 ഗുണഭോക്താക്കൾ ഉണ്ടായിട്ടും 14 പേർക്ക് മാത്രമാണ് സബ്സിഡി അനുവദിക്കാൻ കഴിഞ്ഞത്. അതുപോലെ ആട് വളർത്തൽ (എസ്.സി) എന്ന പദ്ധതിക്ക് 34 ഗുണഭോക്താക്കൾ ഉണ്ടായിട്ടും 5 പേർക്ക് മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളൂ.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/19.11.2018) ഗുണഭോക്താക്കൾക്ക് സാമ്പത്തിക പരാധീനത കാരണം ഗുണഭോക്തൃ വിഹിതം അടക്കുവാൻ കഴിയാത്തതു കാരണമാണ് പ്ലാൻ ഫണ്ട് മുഴുവനും ചെലവഴിക്കാൻ തടസ്സമായത് എന്നാണ് അറിയിച്ചത്.

ഓഡിറ്റ് നിർദ്ദേശം

1. പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് ഗുണഭോക്താക്കളെ ഗ്രാമസഭയിൽ വെച്ച് കണ്ടെത്തുമ്പോൾ തന്നെ സബസിഡി മാനദണ്ഡങ്ങൾക്കനുസരിച്ചാണ് ഗുണഭോക്താക്കളെ ശുപാർശ ചെയ്യുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി എന്നിവ പരിശോധിച്ച് അന്തിമ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി നിർവ്വഹണോദ്യോഗസ്ഥന് നൽകുമ്പോൾ ആ സാമ്പത്തിക വർഷം തന്നെ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രായോഗികത കൂടി വിലയിരുത്തേണ്ടതാണ്.

# 3-6 ക്ഷീര കർഷകന് പാലിന് ഇൻസെന്റീവ് നൽകൽ - അർഹമായതിലും കുറവായി ധനസഹായം വകയിരുത്തി

ക്ഷീരസംഘങ്ങളിൽ പാൽനൽകുന്ന കർഷകർക്ക് പ്രോൽസാഹനമായി ഇൻസെന്റീവ് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും അർഹമായ നിരക്കിലും സമയബന്ധിതമായും തുക ലഭ്യമായിട്ടുണ്ടോ എന്ന് വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്.

2017-18 വർഷത്തെ മൃഗസംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സിലെ (തീയതി രേഖപ്പെടുത്തിയിട്ടില്ല) തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായി പ്ലാൻ ഫണ്ട് ₹800000/- ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിന് വകയിരുത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. ആയത് 26.05.2017ലെ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് വിഹിതമായി

₹600000/- മാത്രമാണ് വകയിരുത്തിയത്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 33/18 | ക്ഷീര കർഷകന് പാലിന് ഇൻസെന്റീവ് നൽകൽ | ₹890000/- (600000/-വികസന ഫണ്ട് (ജനറൽ)) 200000/- ജില്ലാ പഞ്ചായത്ത് വിഹിതം,ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 90000/- | ₹890000/- (600000/-ബിൽ നം.1-2017-18/22-02-2018, 200000/- (ചെക്ക് നം. SB/JC:2346781 /20.12.2017), 90000/- (ചെക്ക് നം. SB/JC:2346785 /28.03.2018)) |

നിർവഹണ ഉദ്യോഗസ്ഥ – ഡയറി ഫാം ഇൻസ്ട്രക്ടർ

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം അർഹമായതിലും വളരെ കുറവാണ് ആനുകൂല്യം 7 മാസത്തേക്ക് മാത്രം നൽകിയിട്ടുള്ളത്. നംവംബർ 2017 മുതൽ മാർച്ച് 2018 വരെ പാലളവിന് കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്ഷീരസംഘത്തിന്റെ പേര്- ക്ഷീരവ്യവസായ സഹകരണ സംഘം, കൊട്ടുവായൂർ

ഗുണഭോക്താക്കളുടെ എണ്ണം-316

| മാസം | സംഘത്തിന് നൽകിയ പാൽ അളവ് (ലിറ്ററിൽ) | ഇൻസെന്റീവ് നിരക്ക് | തുക | ചെക്ക്/ ബിൽ നം. |
|---|---|---|---|---|
| 2017 ഏപ്രിൽ | 45000 | 2 | 90000 | SB/JC:2346785 /28.03.2018 |
| 2017മെയ്, ജൂൺ | 66666 | 3 | 200000 | SB/JC:2346781 /20.12.2017 |
| 2017 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ, ഓക്ടോബർ | 200000 | 3 | 600000 | 1-2017-18/22-02-2018 |

കർഷകർക്ക് സാമ്പത്തിക വർഷത്തെ പാലളവിന് മുഴവനം സബ്സിഡി ലഭ്യമാകുന്ന രീതിയിൽ പ്രോജക്റ്റ് തയ്യാറാക്കി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.19/19-11-2018)

## 3-7 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 68 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 152 പ്രൊജക്കുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 105 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളൂ. വകയിരുത്തിയ 34241955/- രൂപയിൽ 20986319/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 61.28% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. തൻ വർഷം തനതുഫണ്ടിൽ നിന്ന് 1099759/- രൂപ പദ്ധതികൾക്കായി വകയിരുത്തിയെങ്കിലും 546262/-ചെലവഴിച്ചിട്ടുള്ളൂ.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷികപദ്ധതിക്കായി ആകെ 2 പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളൂ. 2017-18 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്തത് 15.2.17 ലെയും 21.4.17 ലെയും യോഗത്തിൽ ആണ്. 17 വാർഡുകളിൽ നിന്നും ഉയർന്ന വന്നിട്ടുള്ള 187 നിർദ്ദേശങ്ങൾ ആണ് മുന്നോട്ടു വെച്ചിട്ടുള്ളത്. തൻവർഷത്തെ മറ്റു യോഗങ്ങളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രിയാത്മകമായ ചർച്ചകൾ നടത്തിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

സ്പിൽ ഓവർ പ്രൊജക്റ്റുകളുടെ ബാഹുല്യവും മറ്റ് സാങ്കേതിക കാരണങ്ങളും സാമ്പത്തികവർഷത്തെ ആദ്യ ടെണ്ടർ കരാറുകാർ ബഹിഷ്കരിച്ചതും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന്

വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

- ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി പൂർണ്ണമായും ചേർത്തിട്ടില്ല.
- ഇ- ടെണ്ടർ പ്രവൃത്തികളിൽ ഇ- ടെണ്ടറിന്റെ മുഴുവൻ വിവരങ്ങളും കൃത്യമായി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.
- എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഇല്ല.
- 2/2012 ലെ പുതുക്കിയ മരാമത്തു മാന്വലിനനുസൃതമായ വ്യവസ്ഥകൾ എഗ്രിമെന്റുകളിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
- പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന ബോർഡ് വെയ്ക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി പഞ്ചായത്തിൽ മെയിന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.
- ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.
- സെക്രട്ടറി വാങ്ങി അസി.എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ള ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കരാറുകാർക്ക് വിതരണം ചെയ്ത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണ്.

## 3-8 സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല

2016-17 ൽ ആരംഭിച്ചതും 2017-18 ൽ സ്പിൽ ഓവറായി അംഗീകാരം വാങ്ങിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികൾ 2017-18 ലും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രവൃത്തി | അടങ്കൽ |
|---|---|---|

| | | |
|---|---|---|
| 1 | പുതിയ റോഡ് കുണ്ടുകാട് കോളനി റോഡ് പുനരുദ്ധാരണം | 130000 |
| 2 | ഉമ്മത്തുംതോപ്പ് മിച്ച ഭൂമി റോഡ് പുനരുദ്ധാരണം | 215000 |
| 3 | പുല്ല റോഡ് കുണ്ട്കാട് റോഡ് പുനരുദ്ധാരണം | 495000 |
| 4. | കർണ്ണകി നഗർ പോസ്റ്റ് ഓഫീസ് റോഡ് പുനരുദ്ധാരണം | 99958 |
| 5. | വാക്കോട് കനാൽ ബണ്ട് റോഡ് മഹാളിക്കുടം റോഡ് പുനരുദ്ധാരണം | 325000 |
| 6. | കാക്കയൂർത്തറ റോഡ് പുനരുദ്ധാരണം | 302618 |
| 7. | മണ്ണിര കംപോസ്റ്റ് യൂണിറ്റ് പുനരുദ്ധാരണം (മാലിന്യ സംസ്കരണയൂണിറ്റ്) | 300000 |
| 8. | ജിബിഎൽപി സ്കൂൾ അറ്റകുറ്റപ്പണി | 50000 |
| 9. | വിവിധ പമ്പ്ഹൗസ് റിപ്പയർ | 100000 |
| 10. | ഹോമിയോ ഡിസ്പെൻസറി അറ്റകുറ്റപ്പണി | 200000 |
| 11. | പഞ്ചായത്ത അപ്സ്റ്റെയർ കോൺഫറൻസ് ഹാൾ പുനരുദ്ധാരണം | 239274 |
| 12. | വിവിധ സ്ഥലങ്ങളിൽ ഡ്രെയിനേജ് റിപ്പയർ | 400000 |

13-ാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ച് ഒരു പ്രവൃത്തി സ്പിൽ ഓവർ ആയാൽ അത് സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തീകരിക്കണമെന്നുണ്ട്. ഈ നിർദ്ദേശം പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല. താഴെ സൂചിപ്പിക്കുന്ന സ്പിൽ ഓവർ പ്രവൃത്തികൾ മുൻ വർഷങ്ങളിൽ ആരംഭിച്ചതാണെങ്കിലും തൻ വർഷവും (2017-18) പൂർത്തീകരിക്കാതെ തുടരുന്നു. സ്പിൽ ഓവർ പ്രവൃത്തികൾ അവ സ്പിൽ ഓവർ ആയ വർഷം പൂർത്തീകരിക്കാതിരുന്നത് പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ഈ പ്രൊജക്റ്റ്കളുടെ നിലവിലെ സ്ഥിതി, ഈ പ്രൊജക്റ്റുകൾ 2018-19 വർഷത്തിൽ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ, ഇവ ഉപേക്ഷിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ കാരണം എന്നീ വിവരങ്ങൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.11.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

ഓഡിറ്റ് നിർദ്ദേശം

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്ടുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും അനുമതി, NOC, ഫീസിബിലിറ്റി മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- നിർവ്വഹണം നടക്കുമെന്നുറപ്പുള്ള പദ്ധതികൾ മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്ത് അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

വികസന സ്റ്റാൻഡിംങ് കമ്മിറ്റി പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ അവലോകനം നടത്തേണ്ടതും പൊതുമരാമത്ത് വർക്കിംങ് ഗ്രൂപ്പ്, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും പ്രവൃത്തി പൂർത്തീകരണത്തെ ബാധിക്കുന്ന തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായി ഇടപെടേണ്ടതുമാണ്.

## 3-9 ബിറ്റുമിൻ ബാരൽവില ഈടാക്കിയിട്ടില്ല

2016-17 വർഷത്തിൽ ആരംഭിച്ച് 2017-18 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ 12 എണ്ണത്തിന് പഞ്ചായത്തും ബാക്കിയുള്ളവയ്ക്ക് കരാറുകാരുമാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ്വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (with packed bitumin rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത് . എന്നാൽ താഴെ പറയുന്ന റോഡ് മെയിന്റനൻസ് പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പയ്യപ്പള്ളി റോഡ് മെറ്റലിംഗ്& ടാറിംഗ് - 177/17

അടങ്കൽ- 300000/-(ലോകബാങ്ക് വിഹിതം )

ചെലവ്- ബിൽ നം. 43/30-12-2017 ,തുക – 300000/-

അളവ് പുസ്തകം- 207/17-18

കരാറുകാരൻ- ശ്രീ വി.കുഞ്ചുക്കുട്ടൻ

| ഇനം | പ്രവൃത്തി | അളവ് Sq.m | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 3 | Prime coat with bitumin emulsion (ss1) | 374.10 | @0.85kg/m2 - 317.985 kg | 1.74 |
| 4 | Tack coat with bitumin emulsion (rs1) | 374.10 | @0.275kg/m2 - 102.87kg | 0.565 |
| 5 | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 374.10 | @1.46kg/m2 - 546.186kg | 3.5 |
| 6 | Seal coat with Bitumin S-65 | 374.10 | @0.65kg/m2 - 243.165kg | 1.55 |
| ആകെ ബാരലിന്റെ വില | | | | @250/- *8 = 2000 |

2. പൂശാരിക്കാട് മൈലാറോഡ് മെറ്റലിംഗ് &ടാറിംഗ്- 182/17

അടങ്കൽ- 200000/-(ലോകബാങ്ക് വിഹിതം)

ചെലവ്- ബിൽ നം 42/30-12-2017 – 200000/-

അളവു പുസ്തകം- 166/17-18

കരാറുകാരൻ- ശ്രീ മധുസൂദനൻ

| ഇനം | പ്രവ്യത്തി | അളവ് (m2) | ആവശ്യമായ ബിറ്റുമിൻ(as per adequacy) | ബാരലിന്റെ എണ്ണം |
|---|---|---|---|---|
| 2. | Prime coat with bitumin emulsion (ss1) | 414.36 | @0.225kg/m2 - 352.2kg | 1.93 |
| 3. | Tack coat with bitumin emulsion (rs1) | 414.36 | @0.225kg/m2 - 113.94kg | 0.626 |
| 4 | 20mm thick open graded premix carpet using bituminous Binder bitumin S-65 etc. | 414.36 | @1.46kg/m2 - 604.96 kg | 3.87 |
| 5 | Seal coat with Bitumin S-65 | 414.36 | @0.65kg/m2 - 269.33 kg | 1.72 |
| ആകെ ബാരലിന്റെ വില | | | | @250/-* 9 =2250 |

ആകെ ബാരലിന്റെ വില - 4250/-രൂപ കരാറുകാരിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.11.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല.

# 3-10 പദ്ധതി പൂർത്തീകരണം വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല

അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2016-17 ൽ ആരംഭിച്ചതും 2017-18 ൽ സ്പിൽ ഓവറായി തുടർന്നതുമായ ടാറിംഗ് ഉൾപ്പെടുന്ന പ്രവൃത്തികൾക്ക് ടാർ ലഭ്യമാകുന്നതിന് വൈകി എന്ന കാരണത്താൽ കരാറുകാർ പൂർത്തീകരണ സമയം ദീർഘിപ്പിക്കാനാവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളുടെ എല്ലാത്തിന്റെയും ഫയലിൽ ഇതു തെളിയിക്കുന്നതിനാവശ്യമായ എഗ്രിമെന്റ് കാലാവധിക്കുള്ളിലുള്ള അപേക്ഷ ഇല്ല.പലതിലും എ.ഇ സമയം നീട്ടി നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ബിറ്റുമിൻ ലഭ്യമായത് വൈകി എന്നതിന്

പല ഫയലിലും Bitumin original bill ഇല്ല. കൂടാതെ പഞ്ചായത്ത് ബിറ്റുമിൻ വാങ്ങി നൽകിയിട്ടുള്ള പ്രവൃത്തികളിലെല്ലാം 31.5.17 നകം ബിറ്റുമിൻ ലഭ്യമായി പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട് എന്നിരിക്കെ ബിറ്റുമിൻ ലഭ്യമാകുന്നതിന് വൈകി എന്നുള്ള കാരണം അംഗീകരിക്കത്തക്കതല്ല. മാത്രമല്ല എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കത്ത വിധത്തിൽ സാധന സാമഗ്രികൾ സംഭരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. കേരള പൊതുമരാമത്ത് മാന്വൽ (2012) ലെ നിർദ്ദേശ പ്രകാരം പൂർത്തീകരണ സമയം ഒറിജിനൽ സമയത്തിന്റെ 25% ൽ അധികരിക്കാവതല്ല. അല്ലെങ്കിൽ 6 മാസം (ഏതാണോ കുറവ് അത്). പരമാവധി extention ഒറിജിനൽ time of completion ന്റെ 50% ൽ അധികരിക്കാൻ പാടില്ല. കേരള പൊതുമരാമത്ത് മാന്വൽ (2012) പ്രകാരം കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവു മൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. കരാറുകാരിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ നിബന്ധന 7 പ്രകാരം ഗ്രേസ്സ്പിരീഡ് (20% സമയം) കഴിഞ്ഞ് ആദ്യത്തെ മൂന്ന മാസത്തിന് പിഎസിയുടെ 1%, അടുത്ത ഓരോ മൂന്ന മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .(എഗ്രിമെന്റിലും രജിസ്റ്ററിലും പൂർത്തീകരണ കാലയളവ് ചേർത്തിട്ടില്ലാത്തതിനാൽ പൂർത്തീകരണ കാലയളവ് സാങ്കേതികാനുമതിയിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് പരമാവധി ആയതിനാൽ അതാണ് കണക്കിലെടുത്തിരിക്കുന്നത്. )

1. വെട്ടംപിള്ളി ശ്രീശൈലം റോഡ് പുനരുദ്ധാരണം (106/17)

പി.എ.സി. -199281/-

ചെലവ്- ബിൽ നം .67/15.12.18 , തുക – 195750 /-

അളവു പുസ്തകം- 185/17-18

കരാറുകാരൻ- കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 60/ 21-02-17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 20.6.17

പൂർത്തീകരിച്ച തീയതി- 17.01.18

ഈടാക്കേണ്ട പിഴ

21.6.17മുതൽ 14.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

15.7.17 മുതൽ 14.10.17വരെ: @1% =1993/-

15.10.17 മുതൽ 14.1.18: @2%= 3986/-

15.1.18മുതൽ 16.1.18 വരെ: @2%- 89/-(2ദിവസം)

ഈടാക്കേണ്ടആകെ പിഴ : 6068/-

പിഴ അടവാക്കിയത്- 2000/-

ബാക്കി ഈടാക്കേണ്ടത് - 4068/-

2. പൂളപ്പറമ്പ് കടലക്കളം റോഡ് പുനരുദ്ധാരണം- (85/16-17)

പി.എ.സി. - 149761/-

ചെലവ്- ബിൽ നം .91/13.3.18, തുക – 145666/-

അളവു പുസ്തകം- 218/17-18

കരാറുകാരൻ- കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 45/21.2.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 20.5.17 (3 മാസം)

പൂർത്തീകരിച്ച തീയതി- 23.2.18

<u>ഈടാക്കേണ്ട പിഴ</u>

21.5.17മുതൽ 7.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

8.6 17 മുതൽ 7.9.17വരെ: @1% = 1498/-

8 .9.17മുതൽ 7.12.17 വരെ: @2%= 2995/-

8.12.17 മുതൽ 22.2.18 വരെ: @2%- 2563/-(77ദിവസം)

ഈടാക്കേണ്ട ആകെ പിഴ : 7056/-

പിഴ അടവാക്കിയത്- 1497/-

ബാക്കി ഈടാക്കേണ്ടത് - 5559/-

3. തോട്ടക്കുളമ്പ് SC കോളനി റോഡ് മെറ്റലിംഗ്& ടാറിംഗ് (186/17)

പി.എ.സി. - 269027/-

ചെലവ്- ബിൽ നം .65/15.2.18, തുക – 265300/-

അളവു പുസ്തകം- 184/17-18

കരാറുകാരൻ- കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 97/22.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -21.7.17

പൂർത്തീകരിച്ച തീയതി- 29.1.18

<u>ഈടാക്കേണ്ട പിഴ</u>

21.7.17മുതൽ 14.8.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

15.8.17 മുതൽ 14.11.17വരെ: @1% = 2690/-

15.11.17മുതൽ 2.8.1.18വരെ: @2%= 4484/-

ഈടാക്കേണ്ടആകെ പിഴ : 7174/-

പിഴ അടവാക്കിയത്- 2700/-

ബാക്കി ഈടാക്കേണ്ടത് - 4474/-

4. കൃഷ്ണൻകോവിൽ കുരുടൻ കുളമ്പ് റോഡ് പുനരുദ്ധാരണം(128/17)

പി.എ.സി. - 223999/-

ചെലവ്- ബിൽ നം .64/15.2.18, തുക – 212061/-

അളവ് പുസ്തകം- 182/17-18

കരാറുകാരൻ- ശ്രീ. നാരായണൻ

എഗ്രിമെൻറ് നം- 29/17.2.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -16.6.17

പൂർത്തീകരിച്ച തീയതി- 25.1.18

ഈടാക്കേണ്ട പിഴ

17.6.17 മുതൽ 10.7.17 വരെ (ഗ്രേസ് പിരിയഡ് )= 0 .00

11.7.17 മുതൽ 10.10.17- @1% = 2240/-

11.10.17മുതൽ 10.1.18വരെ: @2% = 4480/-

11.1.18മുതൽ 24.1.18വരെ: @2%= 697/-(14ദിവസം)

ഈടാക്കേണ്ടആകെ പിഴ : 7417/-

പിഴ അടവാക്കിയത്- 2165

ബാക്കി ഈടാക്കേണ്ടത് - 5252/-

5. മൈലാറോഡ് ളുവ്വച്ചോട് റോഡ് പുനരുദ്ധാരണം(109/17)

പി.എ.സി. - 299529/-

ചെലവ്- ബിൽ നം .63/15.2.18, തുക – 286068/-

അളവ് പുസ്തകം- 98/16-17

കരാറുകാരൻ- ശ്രീ. കുഞ്ചുക്കുട്ടൻ

എഗ്രിമെൻറ് നം- 32/17.2.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -16.6.17

പൂർത്തീകരിച്ച തീയതി- 23.1.18

ഈടാക്കേണ്ട പിഴ

17.6.17മുതൽ 9.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

10.7.17 മുതൽ 9.10.17വരെ: @1% = 2995/-

10.10.17മുതൽ 9.1.18 വരെ: @2%= 5990/-

10.1.18മുതൽ 22.1.18 വരെ: @2%- 799/-(12 ദിവസം)

ഈടാക്കേണ്ടആകെ പിഴ : 9784/-

പിഴ അടവാക്കിയത്- 2920/-

ബാക്കി ഈടാക്കേണ്ടത് - 6864/-

6. കോളോട് ചെട്ടിത്തറ റോഡ് പുനരുദ്ധാരണം (110/17)

പി.എ.സി. - 264819/-

ചെലവ്- ബിൽ നം .58/29.1.18, തുക – 252606/-

അളവു പുസ്തകം- 170/17-18

കരാറുകാരൻ- ശ്രീ.കെ. ഗോപാലൻ

എഗ്രിമെൻറ് നം- 35/17.2.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -16.6.17

പൂർത്തീകരിച്ച തീയതി- 22.1.18

ഈടാക്കേണ്ട പിഴ

17.6.17മുതൽ 10.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

11.7.17 മുതൽ 10.10.17വരെ: @1% =2648 /-

11.10.17മുതൽ 10.1.18 വരെ: @2%= 5296/-

11.1.18 മുതൽ 21.1.18 വരെ: @2%- 647/-(11 ദിവസം)

ഈടാക്കേണ്ടആകെ പിഴ : 8591/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 8591/-

7. ഗ്രാമപീടിക ശിവൻ കോവിൽ റോഡ് പുനരുദ്ധാരണം (91/17)

പി.എ.സി. - 99813/-

ചെലവ്- ബിൽ നം .57/29.1.18, തുക – 9929/-

അളവ്വ പുസ്തകം- 171/17-18

കരാറുകാരൻ- ശ്രീ.ആർ.നാരായണൻ

എഗ്രിമെൻറ് നം- 30/17.2.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -16.6.17

പൂർത്തീകരിച്ച തീയതി- 16.12.17

ഈടാക്കേണ്ട പിഴ

17.6.17മുതൽ 10.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

11.7.17 മുതൽ 10.10.17വരെ: @1% = 1000/- (minimum)

11.10.17മുതൽ 15.12.17 വരെ: @2%= 1467/- (66ദിവസം)

ഈടാക്കേണ്ടആകെ പിഴ : 2467/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 2467/-

8. ചെത്തിയോട് കോളനി റോഡ് പുനരുദ്ധാരണം (76/17)

പി.എ.സി. - 324333/-

ചെലവ്- ബിൽ നം .83/7.3.18, തുക – 316500/-

അളവ്വ പുസ്തകം- 215/17-18

കരാറുകാരൻ- കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 43/21.2.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -20.5.17

പൂർത്തീകരിച്ച തീയതി- 27.2.18

ഈടാക്കേണ്ട പിഴ

21.5.17മുതൽ 7.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

8.6.17 മുതൽ 7.9.17വരെ: @1% = 3243/-

8.9.17മുതൽ 7.12.17 വരെ: @2%= 6487/-

8.12.17മുതൽ 26.2.18 വരെ: @2%- 5117/- (71 ദിവസം)

ഈടാക്കേണ്ടആകെ പിഴ : 14847/-

പിഴ അടവാക്കിയത്- 3250/-

ബാക്കി ഈടാക്കേണ്ടത് - 11597/-

9. കോട്ടമല റോഡ് പുനരുദ്ധാരണം (115/17)

പി.എ.സി. - 149955/-

ചെലവ്- ബിൽ നം .82/28.2.18, തുക – 146500/-

അളവു പുസ്തകം- 178/17-18

കരാറുകാരൻ- കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 63/21.2.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -20.6.17

പൂർത്തീകരിച്ച തീയതി- 17.2.18

ഈടാക്കേണ്ട പിഴ

21.6.17മുതൽ 14.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

15.7.17 മുതൽ 14.10.17വരെ: @1% = 1500/-

15.10.17മുതൽ 14.1.18 വരെ: @2%= 2999/-

15.1.18 മുതൽ 16.2.18 വരെ: @2%- 1100/-(33ദിവസം)

ഈടാക്കേണ്ടആകെ പിഴ : 5599/-

പിഴ അടവാക്കിയത്- 1500

ബാക്കി ഈടാക്കേണ്ടത് - 4099/-

10. അക്ഷയനഗർ റോഡ് പുനരുദ്ധാരണം (116/17)

പി.എ.സി. - 98829/-

ചെലവ്- ബിൽ നം .79/28.2.18, തുക – 96260/-

അളവു പുസ്തകം- 197/17-18

കരാറുകാരൻ- കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 64/21.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -20.6.17

പൂർത്തീകരിച്ച തീയതി- 16.2.18

ഈടാക്കേണ്ട പിഴ

21.6.17മുതൽ 14.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

15.7.17 മുതൽ 14.10.17വരെ: @1% = 1000/-

15.10.17മുതൽ 14.1.18 വരെ: @2%= 2000/-

15.1.18മുതൽ 15.2.18 വരെ: @2%- 711/-(32ദിവസം)

ഈടാക്കേണ്ടആകെ പിഴ : 3711/-

പിഴ അടവാക്കിയത്- 990/-

ബാക്കി ഈടാക്കേണ്ടത് - 2721/-

11. അബൂബക്കർ കോളനി റോഡ് മെറ്റലിംഗ് (176/17)

പി.എ.സി. - 374011/-

ചെലവ്- ബിൽ നം .39/27.10.17 തുക – 372000/-

അളവു പുസ്തകം- 92/16-17

കരാറുകാരൻ- കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 96/22.3.17
പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -21.5.17

പൂർത്തീകരിച്ച തീയതി- 25.8.17

ഈടാക്കേണ്ട പിഴ

22.5.17മുതൽ 2.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

3.6.17 മുതൽ 24.8.17വരെ: @1% = 3458/-(83 ദിവസം)

ഈടാക്കേണ്ടആകെ പിഴ : 3458/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 3458/-

12. ചൂൽപ്പുറം റോഡ് മെറ്റലിംഗ്& ടാറിംഗ്(207/17)

പി.എ.സി. - 374011/-

ചെലവ്- ബിൽ നം .38/27.10.17, തുക – 372000/-

അളവു പുസ്തകം- 93/16-17

കരാറുകാരൻ- ശ്രീ. kodvyr constr

എഗ്രിമെൻറ് നം- 98/22.3.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -21.4.17

പൂർത്തീകരിച്ച തീയതി- 24.8.17

ഈടാക്കേണ്ട പിഴ

22.4.17മുതൽ 28.4.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

29.4.17 മുതൽ 28.7.17വരെ: @1% = 3740/-

29.7.17മുതൽ 23.8.17 വരെ: @2%= 2161/-(26ദിവസം)

ഈടാക്കേണ്ടആകെ പിഴ : 5901/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 5901/-

13. പിട്ടുപീടിക മാരിയമ്മൻ കോവിൽ റോഡ് (107/17)

പി.എ.സി. - 99859/-

ചെലവ്- ബിൽ നം .77/28.2.18, തുക – 97250/-

അളവു പുസ്തകം- 200/17-18

കരാറുകാരൻ- ശ്രീ. kodvyr construction

എഗ്രിമെൻറ് നം- 61/21.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -20.6.17

പൂർത്തീകരിച്ച തീയതി- 14.2.18

ഈടാക്കേണ്ട പിഴ

21.6.17മുതൽ 14.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

15.7.17 മുതൽ 14.10.17വരെ: @1% = 1000/-

15.10.17മുതൽ 14.1.18 വരെ: @2%= 2000/-

15.1.18മുതൽ 13.2.18 വരെ: @2%- 667/-(30ദിവസം)

ഈടാക്കേണ്ടആകെ പിഴ : 3667/-

പിഴ അടവാക്കിയത്- 1000/-

ബാക്കി ഈടാക്കേണ്ടത് - 2667/-

14. പുല്ലാറോഡ് പാലം ഉണ്ണിയപ്പൻ കാട് റോഡ് പുനരുദ്ധാരണം (61/17)

പി.എ.സി. - 464206/-

ചെലവ്- ബിൽ നം .15/11.3.17, തുക – 54383/- , 40/27.10.17, 410175/-

അളവു പുസ്തകം- 94/16-17

കരാറുകാരൻ- കൊടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 38/21.2.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -20.5.17

പൂർത്തീകരിച്ച തീയതി- 23.8.17

_ഈടാക്കേണ്ട പിഴ_

21.5.17മുതൽ 7.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

8.6.17 മുതൽ 22.8.17വരെ: @1% = 3920/-(76ദിവസം)

ഈടാക്കേണ്ടആകെ പിഴ : 3920/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 3920/-

15. ഉമ്മത്തും തോപ്പ് കുമളം കാട് റോഡ് പുനരുദ്ധാരണം (64/17)

പി.എ.സി. - 174234.7/-

ചെലവ്- ബിൽ നം .108/28.3.18, തുക – 175000/-

അളവു പുസ്തകം- 25/17-18

കരാറുകാരൻ- കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 4/25.1.17

കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -24.5.17

പൂർത്തീകരിച്ച തീയതി- 26.3.18

ഈടാക്കേണ്ട പിഴ

25.5.17മുതൽ 19.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

20.6.17 മുതൽ 19.9.17വരെ: @1% = 1742/-

20.9.17മുതൽ 19.12.17 വരെ: @2%= 3485/-

20.12.17മുതൽ 19.3.18 വരെ: @2%- 3485/-

20.3.18 മുതൽ 25.03.18 വരെ : @2%- 232/- (6ദിവസം)

ഈടാക്കേണ്ടആകെ പിഴ : 8944/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 8944/-

16. ചരണത്ത് റോഡ് പുനരുദ്ധാരണം(95/17)

പി.എ.സി. - 179063/-

ചെലവ്- ബിൽ നം .75/17.2.18, തുക – 159516/-

അളവു പുസ്തകം- 193/17-18

കരാറുകാരൻ-കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

എഗ്രിമെൻറ് നം- 56/21.2.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -20.6.17

പൂർത്തീകരിച്ച തീയതി- 22.1.18

ഈടാക്കേണ്ട പിഴ

21.6.17മുതൽ 14.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

15.7.17 മുതൽ 14.10.17വരെ: @1% = 1791/-

15.10.17മുതൽ 14.1.18 വരെ: @2%= 3581/-

15.1.18മുതൽ 21.1.18 വരെ: @2%- 276/- (7 ദിവസം)

ഈടാക്കേണ്ടആകെ പിഴ : 5648/-

പിഴ അടവാക്കിയത്- 1631/-

ബാക്കി ഈടാക്കേണ്ടത് - 4017/-

17. കൈപ്പുറം പനയംകുന്നം റോഡ് പുനരുദ്ധാരണം(113/17)

പി.എ.സി. - 199686/-

ചെലവ്- ബിൽ നം .70/15.2.18, തുക – 189795/-

അളവു പുസ്തകം- 181/17-18

കരാറുകാരൻ- ശ്രീ. kod const

എഗ്രിമെൻറ് നം- 62/21.2.17
പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -20.6.17

പൂർത്തീകരിച്ച തീയതി- 19.1.18

ഈടാക്കേണ്ട പിഴ

21.6.17മുതൽ 14.7.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

15.7.17 മുതൽ 14.10.17വരെ: @1% = 1997/-

15.10.17മുതൽ 14.1.18 വരെ: @2%= 3994/-

15.1.18മുതൽ 18.1.18 വരെ: @2%- 177/-(4ദിവസം)

ഈടാക്കേണ്ടആകെ പിഴ : 6168/-

പിഴ അടവാക്കിയത്- 1940/-

ബാക്കി ഈടാക്കേണ്ടത് - 4228/-

18. ചാന്തിരുത്തി പടിഞ്ഞാറെമുറി റോഡ് പുനരുദ്ധാരണം(67/17)

പി.എ.സി. - 162661/-

ചെലവ്- ബിൽ നം .96/17.3.18, തുക –118031 /- , bill 27880/-

അളവു പുസ്തകം- 195/17-18

കരാറുകാരൻ- ശ്രീ. ആർ.നാരായണൻ

എഗ്രിമെൻറ് നം- 25/17.2.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -16.5.17

പൂർത്തീകരിച്ച തീയതി- 24.1.18

<u>ഈടാക്കേണ്ട പിഴ</u>

17.5.17മുതൽ 3.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

4.6.17 മുതൽ 3.9.17വരെ: @1% = 1627/-

4.9.17മുതൽ 3.12.17 വരെ: @2%= 3253/-

4.12.17മുതൽ 23.1.18 വരെ: @2%-1843 /- (51ദിവസം)

ഈടാക്കേണ്ടആകെ പിഴ :6723/-

പിഴ അടവാക്കിയത്- 1486

ബാക്കി ഈടാക്കേണ്ടത് - 5237/-

19. പൂശാരിക്കാട് മൈലാറോഡ് മെറ്റലിംഗ് &ടാറിംഗ് (182/17)

പി.എ.സി. - 199686/-

ചെലവ്- ബിൽ നം .42/30.12.17, തുക – 200000/-

അളവു പുസ്തകം- 166/17-18

കരാറുകാരൻ- ശ്രീ.മധുസൂദനൻ

എഗ്രിമെൻറ് നം- 95/22.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -21.4.17

പൂർത്തീകരിച്ച തീയതി- 23.12.17

<u>ഈടാക്കേണ്ട പിഴ</u>

22.4.17മുതൽ 28.4.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

29.4.17 മുതൽ 28.7.17വരെ: @1% = 1997/-

29.7.17മുതൽ 28.10.17 വരെ: @2%= 3994/-

29.10.17മുതൽ 22.12.18 വരെ: @2%- 2396/- (54ദിവസം)

ഈടാക്കേണ്ടആകെ പിഴ : 8387/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 8387/-

20. പയ്യപ്പള്ളി റോഡ് മെറ്റലിംഗ് & ടാറിംഗ് (177/17)

പി.എ.സി. - 282706/-

ചെലവ്- ബിൽ നം .43/30.12.17, തുക – 300000/-

അളവു പുസ്തകം- 207/17-18

കരാറുകാരൻ- ശ്രീ. കുഞ്ഞുക്കുട്ടൻ

എഗ്രിമെൻറ് നം- 94/22.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി -21.5.17

പൂർത്തീകരിച്ച തീയതി- 24.12.17

ഈടാക്കേണ്ട പിഴ

22.5.17മുതൽ 2.6.17വരെ (ഗ്രേസ് പിരിയഡ് )= 0 .00

3.6.17 മുതൽ 2.9.17വരെ: @1% = 2827/-

3.9.17മുതൽ 2.12.17 വരെ: @2%= 5654/-

3.12.17മുതൽ 23.12.17 വരെ: @2%- 1256/- (20 ദിവസം)

ഈടാക്കേണ്ടആകെ പിഴ : 9737/-

പിഴ അടവാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത് - 9737 /-

പിഴയിനത്തിൽ മേൽ പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കേണ്ട 108171/- രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.11.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല .

# 3-11 പിഴയിനത്തിൽ ഈടാക്കിയ തുക തനതുഫണ്ടിൽ ക്രെഡിറ്റ് ചെയ്തില്ല- നികുതിയേതര ഫണ്ടിനത്തിൽ പഞ്ചായത്തിനു നഷ്ടം

കരാറുകാർ ബിറ്റുമിൻ വാങ്ങിയിട്ടുള്ള താഴെ പറയുന്ന പ്രവൃത്തികളിൽ പൂർത്തീകരണം കാലതാമസം വന്നതിന് പിഴ ഈടാക്കിയിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കിയ പ്രവൃത്തികളിൽ പിഴ തനതുഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യാതെ ആകെ പ്രവൃത്തി മൂല്യത്തിൽ കുറവു ചെയ്ത് അത് ഒഴിവാക്കിയിട്ടുള്ള തുകയാണ് ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുള്ളത്. ആയതിനാൽ ഇപ്രകാരം കുറവ് ചെയ്ത തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവു വരുത്താത്തതിനാൽ നികുതിയേതര ഇനത്തിലുള്ള 22170/-രൂപയുടെ വരവ് നഷ്ടമായിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | ബിൽനം./തീയതി/തുക | പിഴ കുറവു ചെയ്തത് |
|---|---|---|---|
| 1 | വെട്ടംപിള്ളി ശ്രീശൈലം റോഡ് പുനരുദ്ധാരണം (106/17) | 67/15.12.18 – 195750/- | 2000 |
| 2 | പൂളപ്പറമ്പ് കടലക്കളം റോഡ് പുനരുദ്ധാരണം- (85/16-17) | 91/13.3.18/- 145666/- | 1497 |
| 3 | തോട്ടക്കുളമ്പ് SC കോളനി റോഡ് മെറ്റലിംഗ്& ടാറിംഗ് - " | 65/15.2.18 265300/- | 2700 |
| 4 | കൃഷ്ണൻകോവിൽ കുരുടൻ കുളമ്പ് റോഡ് പുനരുദ്ധാരണം | 64/15.2.18 212061/- | 2165 |
| 5 | മൈലാറോഡ് ഉുവ്വച്ചോട് റോഡ് പുനരുദ്ധാരണം | 63/15.2.18 286068/- | 2920 |
| 6 | ചെത്തിയോട് കോളനി റോഡ് പുനരുദ്ധാരണം | 83/7.3.18 316500/- | 3250 |
| 7 | കോട്ടമല റോഡ് പുനരുദ്ധാരണം | 82/28.2.18 146500/- | 1500 |
| 8 | അക്ഷയനഗർ റോഡ് പുനരുദ്ധാരണം | 79/28.2.18 96260/- | 990 |
| 9 | പിട്ടുപീടിക മാരിയമ്മൻ കോവിൽ റോഡ് | 77/28.2.18 | 1000 |

| | | | |
|---|---|---|---|
| | | 97250/- | |
| 10 | ചരണത്ത് റോഡ് പുനരുദ്ധാരണം | 75/17.2.18<br>159516/- | 1631 |
| 11 | കൈപ്പുറം പനയംകുന്നം റോഡ് പുനരുദ്ധാരണം | 70/5.2.18<br>189795/- | 1940 |
| 12 | ചാന്തിരുത്തി പടിഞ്ഞാറെമുറി റോഡ് പുനരുദ്ധാരണം | 96/17.3.18<br>118031/- | 1207 |
| ആകെ | | | 22170 |

ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.11.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല .

## 3-12 കുടിവെള്ള പദ്ധതി പ്രൊജക്റ്റുകൾ

2017-18 വർഷത്തെ ഓഡിറ്റിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്റ്റുകളിൽ കുടിവെള്ള പദ്ധതി പ്രൊജക്റ്റുകൾ പരിശോധിക്കുമ്പോൾ താഴെ പറയുന്ന പൊതു അപാകതകൾ കാണുന്നു.

I. ചില പ്രവൃത്തികളിൽ കുഴൽ കിണർ കുഴിക്കുന്നതിനുമാത്രമായി തുക വകയിരുത്തി ചെലവുചെയ്തിരിക്കുന്നു. ഇവയിൽ ജലലഭ്യത ഉണ്ടോ എന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അനുബന്ധസൗകര്യങ്ങളുൾപ്പെടുത്തി പ്രവൃത്തിപൂർത്തീകരണത്തിന് തുക പിന്നീട് വകയിരുത്തേണ്ടതാണ്. നിലവിലെ സ്ഥിതി - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

ഉദാ- 1. പുല്ലാറോഡ് മല്ലംകുടം ഭാഗത്ത് കുഴൽ കിണർ 192/17

2. പുല്ലാറോഡ് കുടിവെള്ള പദ്ധതി 80/18

II. താഴെ പറയുന്ന കുടിവെള്ള പദ്ധതികളിൽ ഫൈനൽ ബിൽ പ്രകാരം വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ല. പദ്ധതികളുടെ നിലവിലെ സ്ഥിതി - വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. കോളോട് കുടിവെള്ള പദ്ധതി

2. കിഴക്കെത്തറ പാലപ്പാറ മിനി കുടിവെള്ള പദ്ധതി

3. കാക്കയൂർത്തറ കുടിവെള്ള പദ്ധതി

III. മിക്കവാറും കുടിവെള്ള പദ്ധതി പ്രവൃത്തികളിൽ പൈപ്പ് ലൈൻ നീട്ടലിന് തുക പരിമിതമായോ അല്ലെങ്കിൽ വകയിരുത്താതെയോ കാണപ്പെടുന്നു.

IV. പദ്ധതി മാർഗ്ഗ രേഖ പ്രകാരം എല്ലാ കുടിവെള്ള പദ്ധതി പ്രൊജക്റ്റുകളിലും പരമാവധി ഗുണഭോക്തൃവിഹിതം സമാഹരിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

V. പട്ടിക്കൽ പറമ്പ് കുടിവെള്ളപദ്ധതിയിൽ (100/17) എസ്റ്റിമേറ്റ് പ്രകാരം 7.5HP മോട്ടോർ വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ പിന്നീട് പദ്ധതി revise ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം പട്ടിക്കൽ പറമ്പ് കുടിവെള്ളപദ്ധതിയുടെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചതിനാൽ നിലവിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ 7.5HP മോട്ടോർ പമ്പ്സെറ്റ് തികയാത്തതിനാൽ 10HP മോട്ടോർ ഉൾപ്പെടുത്തി ചെയ്യുന്നതിന് തീരുമാനിച്ചതായി പരാമർശിച്ചിട്ടുണ്ട്. എന്നാൽ കുഴൽകിണറിൽ അതിനുള്ള ജലലഭ്യത ഉണ്ടെന്ന് അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

VI. ഞായറോഡ് ആനത്തോട് കുടിവെള്ള പദ്ധതി 89/18- ൽ 250000/- രൂപ വകയിരുത്തി കുഴൽകിണർ കുഴിക്കൽ, 5HP മോട്ടോർ സ്ഥാപിക്കൽ, പമ്പ്ഹൗസിലേക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ, 12m GI പൈപ്പ് സ്ഥാപിക്കൽ, 220m നീളത്തിൽ 63mm pvc പൈപ്പ് സ്ഥാപിക്കൽ എന്നിവ ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നാൽ ഫൈനൽ ബിൽപ്രകാരം 172227/-രൂപ മാത്രം ചെലവഴിച്ച് കുഴൽകിണർ കുഴിക്കൽ, 5HP മോട്ടോർ സ്ഥാപിക്കൽ എന്നിവ മാത്രമേ ചെയ്തിട്ടുള്ളൂ. പമ്പ്ഹൗസിലേക്ക് വൈദ്യുതി കണക്ഷൻ എടുക്കൽ, 12m GI പൈപ്പ് സ്ഥാപിക്കൽ, 220m നീളത്തിൽ 63mm pvc പൈപ്പ് സ്ഥാപിക്കൽ എന്നിവ ചെയ്യാതിരുന്നതിന് കാരണം ചേർത്ത് വർക്ക് സ്ലിപ്പ് തയ്യാറാക്കുകയോ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയോ ചെയ്തിട്ടില്ല. പദ്ധതി ഭാഗികമായി ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

## 3-13 പഞ്ചായത്തിനു മുകളിൽ കോൺഫറൻസ് ഹാൾ നിർമ്മാണ പ്രവൃത്തി -കരാറുകാരൻ ക്വോട്ടു ചെയ്തതിൽ നിന്നും അധികരിച്ചു നൽകി

പ്രൊജക്റ്റ് നം.- 185/17

അടങ്കൽ-1241993/-(ലോകബാങ്ക് വിഹിതം)

ചെലവ്- ബിൽ നം 41/30-10-2017– 981594/-

അളവു പുസ്തകം- 175/17-18,96/16-17

കരാറുകാരൻ- കൊടുവായൂർ കൺസ്ട്രക്ഷൻസ്

1. ഇ-ടെണ്ടർ മുഖേന ടെണ്ടർ നടപടികൾ സ്വീകരിച്ച് നടപ്പിലാക്കിയ 17 ഇനങ്ങളുള്ള ഈ പ്രവൃത്തിയിൽ കരാറുകാരൻ ഐറ്റം പ്രകാരമാണ് നിരക്കുകൾ (Item Rate BoQ) ക്വോട്ടു ചെയ്തിട്ടുള്ളത്. പിന്നീട് പ്രൊജക്റ്റിൽ ഭേദഗതി വരുത്തുകയും (അടങ്കൽ തുകയിൽ മാറ്റമില്ലാതെ ) എസ്റ്റിമേറ്റിൽ 2എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ ഫൈനൽ ബിൽ,അളവുപുസ്തകം എന്നിവ പരിശോധിക്കുമ്പോൾ ഇനം 1.16 , 1.17 എന്നിവയ്ക്ക് കരാറുകാരൻ ക്വോട്ടു ചെയ്തതിൽ നിന്നും അധികരിച്ച നൽകിക്കാണുന്നു. ഇതുമൂലം കരാറുകാരന് അർഹതപ്പെട്ടതിനെക്കാളും അധികം തുക നൽകിയിട്ടുണ്ട്.

| ഇനം നം. | ചെയ്ത ഇനം | ചെയ്ത അളവ് | കരാറുകാരൻ ക്വോട്ടുചെയ്ത നിരക്കു പ്രകാരം നൽകേണ്ടത് | നൽകിയ നിരക്ക്, തുക | അധികം |
|---|---|---|---|---|---|
| 1.16 | Finishing walls with water proofing cement paint ...etc. | 237.59m2 | @78.79 = 18719.72 | @105= 24946.95 | 6227.23 |
| 1.17 | Painting with synthetic enamel paint ...etc | 25.65 m2 | @101.330= 2599.11 | @105.30= 2700.94 | 101.83 |
| ആകെ അധികം നൽകിയത് | | | | | 6329.06 |

ആകെ അധികം നൽകിയ 6329/- രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2. മേൽ പ്രവൃത്തിയുടെ ഇനം 1, 2, 3എന്നിവ പ്രകാരം പൊളിച്ച് മാറ്റിയ സാധനങ്ങൾ വിനിയോഗിച്ചതായോ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത വിറ്റ് പഞ്ചായത്ത് ഫണ്ടിൽ

മുതൽക്കൂട്ടിയതായോ രേഖകളില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | പ്രവൃത്തി | അളവ് | നിരക്ക് | നൽകിയ തുക |
|---|---|---|---|---|
| 1. | Dismantling roofing including ridges, hips, valleys,.........etc. | 138.97 m2 | 85.530 | 11886.10 |
| 2. | Dismantling steel work in build up sections in angles,tees,flats,......etc. | 1387.83 kg | 2.930 | 4066.34 |
| 3. | Demolishing brick work .....etc. | 4.40 m3 | 1027.010 | 4518.84 |
| ആകെ ചെലവ് | | | | 20471.28 |

മേൽ പ്രകാരം പൊളിച്ച മാറ്റിയ സാധനങ്ങൾ വിനിയോഗിച്ചതായോ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്തു വിറ്റ് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയതായോ വിവരം രേഖകൾ സഹിതം ഹാജരാക്കുന്നതു വരെ ഇതിനുവേണ്ടി ചെലവഴിച്ച 20471/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെയ്ക്കുന്നു. ഇതു പ്രവൃത്തി സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.11.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല .

## 3-14 റോസ് ഗാർഡൻ റോഡ് ഡ്രൈയിനേജ് & കലുങ്ക് പുനരുദ്ധാരണം പ്രവൃത്തി -മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചത് നിയമപ്രകാരമല്ല

പ്രൊജക്റ്റ് നം.- 153/17(199/18)

അടങ്കൽ-200000/-(മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഗ്രാന്റ്)

ചെലവ്- ബിൽ നം .25/30-08-2017– 185692/-

അളവു പുസ്തകം- 91/16-17

കരാറുകാരൻ- കൊട്ടുവായൂർ കൺസ്ട്രക്ഷൻസ്

റോസ് ഗാർഡൻ റോഡ് ഫയൽ എന്നിവ പരിശോധിക്കുമ്പോൾ പ്രവൃത്തിക്ക് മെയിന്റനൻസ്

ഗ്രാന്റ്ഡ്രെയിനേജ് & കലുങ്ക് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ പ്രൊജക്റ്റ്, വർക്ക് റോഡിതര ഗ്രാന്റിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.330/2004/ തസ്വഭവ തീയതി -9.12.14 അനുസരിച്ചുള്ള മെയിന്റനൻസ് ഗ്രാന്റ് വിനിയോഗ മാർഗ്ഗ രേഖ പ്രകാരം മെയിന്റനൻസ് ഗ്രാന്റ് റോഡ് ഗ്രാന്റ് ചെലവഴിക്കാവുന്നത് റോഡുകളുടെ മെയിന്റനൻസിനും മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഗ്രാന്റ് ചെലവഴിക്കാവുന്നത് തദ്ദേശസ്ഥാപനങ്ങളുടെ തലത് ആസ്തികളുടെയും അവയ്ക്ക് കൈമാറിക്കിട്ടിയ റോഡ് ഒഴികെയുള്ള ആസ്തികളുടെയും മെയിന്റനൻസിനാണ്. ഓടകൾ, വശങ്ങൾ ഭിത്തി കെട്ടി സംരക്ഷിക്കുക മുതലായ ആവശ്യങ്ങൾക്ക് മെയിന്റനൻസ് ഗ്രാന്റ് റോഡ് ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്.

മേൽ പ്രവൃത്തിക്ക് മെയിന്റനൻസ് ഗ്രാന്റ് റോഡ് ഗ്രാന്റിൽ നിന്നും വകയിരുത്തി ചെലവഴിക്കുന്നതിനു പകരം മെയിന്റനൻസ് ഗ്രാന്റ് റോഡിതര ഗ്രാന്റിൽ നിന്നും തുക വകയിരുത്തി ചെലവഴിച്ച സാഹചര്യം വ്യക്തമല്ല. കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണിക്കും മറ്റാവശ്യങ്ങൾക്കും മുൻഗണനാടിസ്ഥാനത്തിൽ ചെലവഴിക്കേണ്ട തുക റോഡ് ഡ്രെയിനേജ് & കലുങ്ക് പുനരുദ്ധാരണത്തിനായി ചെലവഴിച്ചത് ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/21.11.2018) നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല .

ആയതിനാൽ ഇതിനായി നിയമ പ്രകാരമല്ലാതെ ചെലവഴിച്ച 185692/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-15 തെരുവ് വിളക്ക് പരിപാലനം

1. പർച്ചേസിന് സമാഹരണ പദ്ധതി തയ്യാറാക്കേണ്ടതാണ്

സാമ്പത്തിക വർഷം LED സ്ഥാപിക്കൽ പദ്ധതികൾക്ക് താഴെ പറയും പ്രകാരം തുകകൾ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ക്രമ നം 1,2,3പ്രകാരമുള്ള പദ്ധതികൾ നടപ്പായിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടതിൽ (ഓഡിറ്റ് അന്വേഷണം നം-11/ 16.11.18 ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് അവസാന ഗഡു ലഭ്യമാവാത്തതിനാലാണ് പദ്ധതികൾ നടപ്പിലാക്കാഞ്ഞത് എന്നാണ് പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുള്ളത്. ക്രമ നം 4 പ്രകാരമുള്ള പദ്ധതിയിൽ 368600/-രൂപ ചെലവിൽ 194 എണ്ണം LED ബൾബുകൾ പർച്ചേസ് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് സാമ്പത്തിക വർഷം Queue bill ആയിട്ടുണ്ട്

| ക്രമ നം | പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 37/18 | കൊട്ടുവായൂർ ജംഗ്ഷൻ മുതൽ നവക്കോട് പാലം വരെ LED സ്ഥാപിക്കൽ | 301379 |
| 2 | 249/18 | വിവിധ വാർഡുകളിൽ LED സ്ഥാപിക്കൽ | 300300 |
| 3 | SO133/18 | തെരുവ് വിളക്ക് വാങ്ങൽ | 150000 |

| | | | |
|---|---|---|---|
| 4 | 38/18 | പിട്ടുപീടിക മുതൽ വാക്കോട് വരെ LED ബൾബ് സ്ഥാപിക്കൽ | 373000 |

മേൽ വാങ്ങൽ പദ്ധതികൾക്കായി തുക വകയിരുത്തിയത് സംബന്ധിച്ച് ഓഡിറ്റിന്റെ വിലയിരുത്തൽ താഴെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ(പി)നം.259/2010 ത.സ്വ.ഭ.വ തീ. 08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി നിബന്ധനകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണ്. പ്രൊക്യൂർമെന്റ് ടീം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്.

<u>2. തെരുവ് വിളക്ക് സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കേണ്ടതാണ്.</u>

പ്രൊജക്റ്റ് നം - 38/18

അടങ്കൽ - 373000

പിട്ടുപീടിക മുതൽ വാക്കോട് വരെ LED ബൾബ് സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം 368600/-രൂപ ചെലവിൽ അലുമിന ഇലക്ട്രോണിക്സ്, കക്കാടംപൊയിൽ, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം-49/27.03.18 മുഖേന 194 എണ്ണം LED ബൾബുകൾ പർച്ചേസ് ചെയ്തിട്ടുണ്ട് .പ്രസ്തുത ചെലവ് സാമ്പത്തിക വർഷം Queue bill ആണെന്ന് കാണുന്നു.സ്ഥാപനം സപ്ലൈ ചെയ്ത LED ബൾബുകളുടെ എണ്ണം സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും വിതരണംചെയ്തവയുടെ എണ്ണം, നീക്കിയിരുപ്പ് എന്നിങ്ങനെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷം പ്രൊജക്റ്റ് നം 261/18 പ്രകാരം LED ബൾബുകൾ സ്ഥാപിച്ചതിന്റെ സൂപ്പർവിഷൻ ചാർജിനത്തിൽ KSEB ക്ക് വികസന ഫണ്ടിൽ നിന്ന് ബിൽ നമ്പർ 42/28.03.18 മുഖേന2700/-രൂപ നൽകിയിട്ടുണ്ട്.(135*20) വാങ്ങിയ 194 ബൾബുകളിൽ 135 എണ്ണം ഇപ്രകാരം സ്ഥാപിച്ചിട്ടുണ്ടെന്നാണ് പഞ്ചായത്ത് ഓഡിറ്റ് അന്വേഷണത്തിന്(നം 23/21.11.18) മറുപടി സമർപ്പിച്ചിട്ടുള്ളത്. വിതരണംചെയ്തവയുടെയും നീക്കിയിരുപ്പിന്റെയും എണ്ണം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 - തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തെരുവ് വിളക്ക് മെയ് ന്റന ൻസ് രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ

ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്.

3. തെരുവ് വിളക്കുകളുടെ എണ്ണം കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തേണ്ടതാണ്

മീറ്ററിങ്ങ് നടപടികൾ എല്ലാ വാർഡുകളിലും പൂർത്തീകരിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം-2/ 14.11.18 ) പഞ്ചായത്ത് മറുപടി സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിനിയോഗ, പൂർത്തീകരണ വിവരങ്ങൾ കെ.എസ്.ഇ.ബി യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. ഓരോ മീറ്ററിങ്ങ് പോയന്റിനും പ്രത്യേകം കൺസ്യൂമർ നമ്പർ അനുവദിച്ചിട്ടുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. അതോടൊപ്പം കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതാണ്.

മേൽ വിഷയങ്ങളിൽ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പിന്റെ (ഊർജ്ജം) മേൽനോട്ടം കാര്യക്ഷമമാക്കേണ്ടതാണ്.

# 3-16 ഡെപ്പോസിറ്റ് പ്രവർത്തികൾ - പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയുടെ പൂർത്തീകരണ വിവരം/ചെലവ് തുകകളുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതിക്കായി കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം | പദ്ധതി | ബിൽ നം/തീയതി | തുക | നൽകിയത് |
|---|---|---|---|---|
| 27/18 | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 37/21.3.18 | 173646<br>373428 | KSEB, തത്തമംഗലം<br>KSEB, കൊട്ടുവായൂർ |
| 27/18 | ടി | 38/21.3.18 | 900000 | KSEB, കൊട്ടുവായൂർ |

# 3-17 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് - അവലോകനം

പഞ്ചായത്ത് നിലവിൽ നേരിട്ട് നിർവ്വഹണം നടത്തുന്ന 9 കുടിവെള്ളപദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. നടക്കാവ്

2. പിട്ടുപീടിക

3. രാജാകുളം

4. നൊച്ചൂർ

5. കർണ്ണകി നഗർ

6. കമ്മാന്തറ

7. ഗ്രാമപീടിക

8. കുരുടൻകുളമ്പ്

9. പുല്ല റോഡ്

മേൽ പദ്ധതികളുടെ സാമ്പത്തിക വർഷത്തെ വരവ്, നടത്തിപ്പ് ചെലവ് താഴെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷത്തെ വരവ് | 1232020 |
| കുടിശ്ശിക വരവ് | 346805 |

| ഇനം | ചെലവ് |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം | 362595 |
| വൈദ്യുതി ചാർജ് | 551762 |
| അറ്റകുറ്റപണി | 87703 |
| ആകെ | 1002060 |

പഞ്ചായത്ത് നേരിട്ട് നടത്തിയിരുന്ന താഴെ പറയുന്ന കുടിവെള്ള പദ്ധതികളിലെ ഗുണഭോക്താക്കൾ ജലനിധി പദ്ധതിയിലേക്ക് മാറിയിട്ടുണ്ട്

| പദ്ധതി | ഗുണഭോക്താക്കൾ |
|---|---|
| വൃന്ദാവനം | 48 |
| തകരക്കാട് | 85 |
| മീഞ്ചിറക്കാട് | 46 |
| പൊന്നുമംഗലം | 67 |
| ആകെ | 246 |

മേൽ ഗുണഭോക്താക്കളിൽ നിന്ന് വെള്ളക്കര കുടിശ്ശിക ഈടാക്കുന്നതിന് പഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ആയത് പ്രത്യേകം തയ്യാറാക്കി സമർപ്പിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം - 2/14.11.18)മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്തിൽ 2015 മെയ് മുതൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിക്ക കീഴിൽ 25 വികസന സമിതികൾ പ്രവർത്തിക്കുന്നുണ്ട്. 2018 ഡിസംബർ വരെയാണ് പദ്ധതിയുടെ കാലാവധി. 51611000 രൂപക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ള പ്രസ്തുത പദ്ധതിക്കായി ഇതേവരെ ലഭ്യമായ വിഹിതങ്ങൾ, ആയതിന്റെ ചെലവ്(സമിതികൾക്ക് നൽകിയത്) ചുവടെ ചേർക്കുന്നു.

| | ഗ്രാമപഞ്ചായത്ത് വിഹിതം | GOK വിഹിതം |
|---|---|---|
| ലഭ്യമാകേണ്ട വിഹിതം | 7741650 | 38708250 |
| വരവ് | 5550950 | 23670500 |
| ചെലവ് | 3992648 | 23639079 |
| ബാക്കി | 1558302 | 31421 |

ഗ്രാമപഞ്ചായത്ത് വിഹിതവും, GOK വിഹിതവും ചേർന്ന് 25സമിതികൾക്ക് ലഭ്യമായ32649827 രൂപയിൽ 24258270 രൂപ സമിതികൾ ചെലവഴിച്ചിട്ടുണ്ട്. 25സമിതികളിൽ 2 എണ്ണത്തിൽ തുറന്ന കിണർ, 23 എണ്ണത്തിൽ ബോർവെൽ, ടാങ്ക് എന്നിങ്ങനെയാണ് നിർമ്മാണ പ്രവർത്തികൾ നിർവ്വഹിച്ചിട്ടുള്ളത്. ഇതിൽ 8ഓളം സമിതികളിൽ കുഴൽക്കിണർ നിർമ്മിച്ചെങ്കിലും യീൽഡ് ടെസ്റ്റ് നടത്തിയതിൽ ആവശ്യമായ വെള്ളം ലഭിച്ചിട്ടില്ല. പിന്നീട് പല ഭാഗത്തും കുഴൽക്കിണർ നിർമ്മിക്കുവാൻ സർവ്വെ നടത്തിയതിൽ സ്ഥാനം കണ്ടെത്തുവാൻ സാധിക്കാത്തതിനാൽ പദ്ധതിയിൽ തുടരുവാൻ താൽപര്യമില്ല എന്ന് പ്രസ്തുത സമിതികൾ അറിയിച്ചതനുസരിച്ച് സമിതികളെ പിരിച്ചുവിടുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്.

കുടിവെള്ളപദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ചുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

- 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ (എം.എസ്)72/2017 ത.സ്വ.ഭ.വ തീയതി 29.03.2017 ലെ നിർദ്ദേശങ്ങളനുസരിച്ച് കുടിവെള്ള പ്രൊജക്റ്റുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്.നിർമ്മാണം പൂർത്തിയായ പദ്ധതികളുടെ (പൊതു വിഭാഗം) തുടർ നടത്തിപ്പ് ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട ശേഷം മാത്രമാണ് പ്രവർത്തിയുടെ നിർവ്വഹണം ആരംഭിക്കാവുന്നത്.

- സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് പഞ്ചായത്ത് നേരിട്ട് നടത്തിവരുന്ന കുടിവെള്ളപദ്ധതികൾ പരമാവധി ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണ്. വാട്ടർ അതോറിറ്റി മുഖേന ഗാർഹിക കണക്ഷനുകൾ അനുവദിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യാവുന്നതാണ്.

- ജലനിധി പദ്ധതി പ്രകാരം ഓരോ വികസന സമിതിയിലെയും നിലവിലെ അവസ്ഥ, പുരോഗതി എന്നിവ ആയതിനായി രൂപീകരിച്ച ഗ്രാമപഞ്ചായത്തു തല വാട്ടർ സപ്ലൈ

കമ്മറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് തലത്തിൽ തുടർ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ഗ്രാമ പഞ്ചായത്തിന്റെയും, വികസന സമിതികളുടെയും ഇടയിലുള്ള പ്രവർത്തനത്തെ ഗ്രാമപഞ്ചായത്തു തല വാട്ടർ സപ്ലൈ കമ്മറ്റി ഏകോപിപ്പിക്കേണ്ടതാണ്.ഗ്രാമ പഞ്ചായത്തിൽ നിന്ന് സഹായ സംഘടന പിന്മാറിക്കഴിഞ്ഞാൽ ഗുണഭോക്തൃ വികസന സമിതികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള അപെക്സ് സംവിധാനമായ ബി.ജി ഫെഡറേഷൻ തുടർന്നുള്ള ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

- പഞ്ചായത്തിന്റെ കുഴൽമന്ദം റോഡിലുള്ള വാട്ടർ ടാങ്കിലേക്ക് കേരള വാട്ടർ അതോറിറ്റിയുടെ പമ്പിങ്ങിന് (ബൾക്ക് മീറ്റർ സംവിധാനം) പഞ്ചായത്ത് വാട്ടർ ചാർജ്ജ് ഒടുക്കുന്നുണ്ട്. ഈയിനത്തിൽ 2008 വർഷം മുതൽ 9/2018 വരെ 1,82,35,597/- രൂപ കുടിശ്ശിക വാട്ടർ അതോറിറ്റിയിലേക്ക് ഒടുക്കുവാൻ ബാക്കി നിൽക്കുന്നു. ആയതിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ, ഒടുക്കേണ്ട പിഴ എന്നിവ സംബന്ധിച്ച് പഞ്ചായത്തിൽ യാതൊരു രേഖകളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ വാട്ടർ അതോറിറ്റിയുടെ കുടിശ്ശിക ഡിമാന്റിന്റെ കൃത്യത വ്യക്തമല്ല. കുടിശ്ശിക സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കൂടിയാലോചിച്ച് വ്യക്തത വരുത്തേണ്ടതാണ്. 16.01.18 ൽ വാട്ടർ അതോറിറ്റി നടത്തിയ അദാലത്തിൽ കുടിശ്ശിക ഒറ്റത്തവണ അടവാക്കുകയാണെങ്കിൽ 7648640/- രൂപയായി കുടിശ്ശികയിൽ ഇളവ് അനുവദിക്കുകയോ, അല്ലാത്തപക്ഷം 5 -7 വർഷത്തിനുള്ളിൽ അടച്ചു തീർക്കുകയോ ചെയ്യാവുന്നതാണെന്ന് തീരുമാനമായിട്ടുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് യാതൊരു തുടർനടപടികളും സ്വീകരിച്ചു കാണുന്നില്ല. സാമ്പത്തിക വർഷം വാട്ടർ ചാർജിനത്തിൽ പഞ്ചായത്ത് ഏകദേശം 18 ലക്ഷത്തോളം രൂപ അടവാക്കിയിട്ടുണ്ട്. ഇതിൽ 8,06000/-രൂപ വികസന ഫണ്ടിൽ നിന്നുമാണ് അടവാക്കിയിട്ടുള്ളത്. പഞ്ചായത്തിന് വൻബാദ്ധ്യതയായ മേൽ സംവിധാനം വാട്ടർ അതോറിറ്റിക്ക് തന്നെ കയ്യൊഴിക്കുവാൻ ശ്രമിക്കേണ്ടതാണ്.
- കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനോടൊപ്പം ജലസംരക്ഷണ പരിപാടികൾക്കും ഊന്നൽ നൽകേണ്ടതാണ്. പഞ്ചായത്തിലെ വിവിധ കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയവ അടക്കം, പരമ്പരാഗത ജലസ്രോതസ്സുകൾ, തുറന്ന കിണറുകൾ, കുഴൽക്കിണറുകൾ തുടങ്ങിയവയുടെ അവസ്ഥാരേഖ കാലികമായി തയ്യാറാക്കേണ്ടതാണ്.
- 2017-18 വർഷം ഗ്രാമപഞ്ചായത്ത് ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നു പരിശോധിച്ചതിൽ മഹാ ത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 21 പദ്ധതികൾ നിർവ്വഹിച്ചതായിക്കണ്ടു. പൊതു, സ്വകാര്യ കിണറുകൾ ചെളിയെടുത്ത് റീചാർജ് ചെയ്യുക, മഴക്കുഴി നിർമ്മാണം എന്നീ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പിൽ ഉയർന്നു വന്നിട്ടുണ്ടെങ്കിലും മേൽ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.
- ജല വിഭവ സംരക്ഷണ പ്രൊജക്ടുകൾ ഹരിതമിഷനുമായി സംയോജിപ്പിച്ച് നടപ്പിലാക്കേണ്ടതാണ്.
- മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ ജലസ്രോതസ്സുകളുടെ സംരക്ഷണ പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്.

- കിണർ സർവേ നടത്തുകയും വേനൽക്കാലങ്ങളിൽ സ്ഥിരമായി വറ്റുന്ന കിണറുകൾ, ഫ്ലൂറൈഡ് തുടങ്ങിയവയുടെ ആധിക്യമുള്ള കിണറുകൾ, ടാങ്കർ വെള്ളം നൽകുന്നതും വേനൽക്കാലങ്ങളിൽ മറ്റ് ജലസ്രോതസ്സുകളെ ആശ്രയിക്കുന്നതുമായ സ്ഥലങ്ങൾ എന്നീ ഘടകങ്ങളുടെ മുൻഗണന പരിഗണിച്ച് കിണർ/ബോർവെൽ റീചാർജിംഗ് പ്രവർത്തനങ്ങൾ നടത്തുക.
- മഴവെള്ള സംഭരണികൾ നിർമ്മിക്കുകയും മഴക്കുഴി പോലുള്ള പ്രവൃത്തികൾ നടത്തുകയും ചെയ്യുക.
- സ്വന്തമായി കിണർ റീചാർജ് ചെയ്യുവാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുകയും ആവശ്യമായ സാങ്കേതിക സഹായം നൽകുകയും ചെയ്യുക.

മേൽ വിഷയം സംബന്ധിച്ച് തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 ഖരമാലിന്യ പദ്ധതി - സുസ്ഥിര സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

പാലക്കാട് ജില്ലയിലെ തന്നെ ഏറ്റവും വലിയ പച്ചക്കറി, പഴം വിപണന മാർക്കറ്റുകൾ കൊടുവായൂർ ഗ്രാമ പഞ്ചായത്തിലെ ടൗൺ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. തമിഴ് നാട്ടിൽ നിന്നുംവരുന്ന പച്ചക്കറികൾക്കു പുറമെ പ്രാദേശിക ഉൽപ്പന്നങ്ങളും ഇവിടെ വിറ്റഴിക്കപ്പെടുന്നു. വളരെ പരിമിതമായ സ്ഥലസൗകര്യങ്ങളോടുകൂടിയാണ് വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ച വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ച് വരുന്നത്.പഞ്ചായത്തിന്റെ തന്നെ പതിനഞ്ചോളം മുറികൾ വരുന്ന ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് ഇവിടെ പ്രവർത്തിച്ചു വരുന്നു.പഞ്ചായത്ത് വക തുറസ്സായ സ്ഥലത്ത് മാർക്കറ്റ് സ്റ്റാളുകൾ നടത്തുന്നതിന് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം പഞ്ചായത്തിൽ പൂർണ്ണമായും ഫലപ്രദമായിട്ടില്ല.

പഞ്ചായത്ത് ചെമ്പോത്തുകുളമ്പ് എന്ന സ്ഥലത്ത് 2004-05 വർഷം തന്നെ 708515/- രൂപ മുതൽ മുടക്കി ഒരു മണ്ണിര കംപോസ്റ്റ് പ്ലാന്റ്, 397322/-രൂപ ചെലവിൽ ചുറ്റുമതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത മാലിന്യ പ്ലാന്റിലേക്ക് മാലിന്യങ്ങൾ ശേഖരിച്ച് എത്തിക്കുകയും ആയത് മണ്ണിര കംപോസ്റ്റ് ജൈവവളമാക്കി വിപണനം നടത്തുന്നതിന് ഓരോ വർഷവും അതിന്റെ അവകാശം ലേലം ചെയ്ത് വരുകയുമായിരുന്നു. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പഞ്ചായത്തിൽ 8 കണ്ടിൻജന്റ് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയതിന് ഒരു ട്രാക്ടറും നിലവിലുണ്ട്. എന്നാൽ വർഷങ്ങളായി പ്ലാന്റിലേക്ക് ശേഖരിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ കുന്നുകൂടി പ്ലാന്റ് നിറയുന്ന അവസ്ഥയിൽ ബഹു. ജില്ലാ കളക്ടറുടെയും, പ്ലാനിങ്ങ് ഓഫീസറുടെയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ച് വികസന ഫണ്ടിൽ നിന്നും 7 ലക്ഷം ഉപയോഗിച്ച് വേസ്റ്റ് യാർഡിൽ നിന്ന് മാലിന്യം നീക്കം ചെയ്യൽ എന്ന പദ്ധതി 2017-18ൽ നടപ്പിലാക്കി അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ട്. വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയുടെ 17.01.18ലെ യോഗ തീരുമാനത്തിലധിഷ്ഠിതമായുള്ള സർക്കാർ ഉത്തരവ് (സാധാ)നം.370/18 /7.02.18 പ്രകാരം പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമായിട്ടുണ്ട്.

ഖരമാലിന്യ പദ്ധതിക്ക് സ്ഥിരം സംവിധാനം ഒരുക്കുന്നതിനായി പഞ്ചായത്ത് 2016-17 മുതൽ നിരവധി പദ്ധതികൾ രൂപീകരിച്ചെങ്കിലും അവ ഒന്നും തന്നെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. മണ്ണിര കംപോസ്റ്റ് യൂണിററ്, വേസ്റ്റ് യാർഡ് വിപുലീകരണം എന്ന പദ്ധതിക്കായി 2016-17 വർഷം 1900000 രൂപ വകയിരുത്തിയെങ്കിലും 4.03.17 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം. - 1 മുഖേന പദ്ധതി താഴെ കാണും വിധം ഭേദഗതി ചെയ്ത് തുകകൾ വകയിരുത്തിയിട്ടുണ്ട്.

വേസ്റ്റ് യാർഡിൽ നിന്ന് മാലിന്യം നീക്കം ചെയ്യൽ - 700000/-

മണ്ണിര കംപോസ്റ്റ് യൂണിററ്, വേസ്റ്റ് യാർഡ് വിപുലീകരണം - 1200000/-

24.03.17 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം -11 പ്രകാരം 2016-17 ലെ താഴെ പറയുന്ന പദ്ധതികൾ ഉപേക്ഷിച്ചുകാണുന്നു.

136/17 – പ്ലാസ്റ്റിക് മാലിന്യം പ്രൊസ്സസ്സിങ്ങ് - 435000/-

146/17 - മണ്ണിര കംപോസ്റ്റ് യൂണിററ്, വേസ്റ്റ് യാർഡ് വിപുലീകരണം - 1200000/-

മേൽ പ്രൊജക്ടുകൾക്ക് പകരമായി ജൈവവള നിർമ്മാണത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മെഷീൻ എന്ന പ്രൊജക്ടിന് 1635000 വകയിരുത്തിയിട്ടുണ്ടെങ്കിലും 2017-18 ലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. കൂടാതെ പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ്ഡിങ്ങ് മെഷീൻ എന്ന പദ്ധതിക്ക് 1112700 വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടില്ല. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട ജൈവ മാലിന്യം ശേഖരിക്കുന്നതിന് 2017-18 ൽ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 600000 രൂപയും, ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് വിഹിതം 100000 രൂപയും ചേർത്ത് മിനി ട്രാക്ടർ വാങ്ങുന്നതിന് സംയുക്ത പദ്ധതി രൂപീകരിച്ചെങ്കിലും പദ്ധതി നടപ്പായില്ല. ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 600000 രൂപ സംയുക്ത പദ്ധതികൾക്കായുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം-79901140000 1632) ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. 2018-19 വർഷം പ്രസ്തുത ബ്ലോക്ക് വിഹിതത്തോടോപ്പം തനത് ഫണ്ട് വിഹിതമായി 200000 രൂപ കൂടെ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

30.11.17 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 36(1) പ്രകാരം 21.11.17 ന് മാർക്കറ്റിലെ വ്യാപാരികളുമായി യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ ജൈവ, അജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നത് പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കണമെന്നും, ആയതിന് പഞ്ചായത്ത് നിശ്ചയിക്കുന്ന യൂസർ ഫീ നൽകാൻ വ്യാപാരികൾ തയ്യാറാണെന്നും കാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാസ്റ്റിക് കവറുകളുടെ നിയന്ത്രണം സംബന്ധിച്ച 24.09.2016ലെ ഉത്തരവ് നമ്പർ 567/16 പ്രകാരം അവരിൽ നിന്ന് 4000/-രൂപയോളം പ്രതിമാസം യൂസർ ഫീ ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷം യൂസർ ഫീ ഇനത്തിൽ പഞ്ചായത്തിന് വരവൊന്നുമില്ല.

മേൽ പദ്ധതികളിൽ വികസന ഫണ്ടിൽ നിന്ന് 700000/- രൂപ വകയിരുത്തി വേസ്റ്റ് യാർഡിൽ നിന്ന് മാലിന്യം നീക്കം ചെയ്യൽ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട് മുഖേന 80, 280കി.ഗ്രാം അജൈവ മാലിന്യം

കർണാടകയിലെ മാണ്ഡ്യയിലുള്ള നിറവ് സെഗ്രിഗേഷൻ & റീസൈക്ലിങ്ങ് യൂണിറ്റിലേക്കാണ് നീക്കം ചെയ്തിട്ടുള്ളത്.

ഖരമാലിന്യ സംസ്കരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം വിഭാവനം ചെയ്ത പദ്ധതികളൊന്നും തന്നെ നടപ്പിലാക്കാതിരുന്നതിനും, ഉറവിട മാലിന്യ സംസ്കരണം, ജൈവ, അജൈവ മാലിന്യ സംസ്കരണം പഞ്ചായത്തിൽ നിലവിൽ പ്രാവർത്തികമാക്കുന്ന രീതി, 20.07.17ലെ പഞ്ചായത്ത് തീരുമാനം നം-1 പ്രകാരം ജൈവവള വിപണനത്തിന് സ്വീകരിച്ച നടപടികൾ, എന്നിവ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/16.11.18) പഞ്ചായത്ത് നൽകിയ വിശദീകരണം താഴെ ചേർക്കുന്നു.

ഖരമാലിന്യ സംസ്കരണത്തിന് വിഭാവനം ചെയ്ത പദ്ധതികൾ ഉപേക്ഷിച്ചത് അവ നടപ്പിലാക്കുവാൻ കഴിയുകയില്ല എന്ന് ഭരണസമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ്. 2018-19ൽ പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ്ഡിങ്ങ് മെഷീന് ക്ലീൻ കേരളയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

ഓഡിറ്റ് വിലയിരുത്തലുകളും, നിർദ്ദേശങ്ങളും

1. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം, ശുചിത്വം), സ്റ്റാൻഡിങ്ങ് കമ്മറ്റി, നിർവ്വഹണോദ്യോഗസ്ഥർ തുടങ്ങിയവരുടെ പ്രവർത്തനം കൃത്യമായി ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിക്ക് കഴിഞ്ഞിട്ടില്ല. 2016-17 മുതൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതികൾ രൂപീകരിച്ചെങ്കിലും ടി ഉദ്യോഗസ്ഥൻ പദ്ധതി നിർവ്വഹണത്തിന് തയ്യാറായില്ല എന്ന് ഭരണസമിതി മിനുട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 11.07.17 ന് ബഹു. ജില്ലാ കളക്ടർ വിളിച്ച് ചേർത്ത യോഗത്തിന്റെ അടിസ്ഥാനത്തിൽ 13.07.17 ലെ പഞ്ചായത്ത് തീരുമാനം നം -1 പ്രകാരമാണ് പിന്നീട് സെക്രട്ടറിയെ നിർവ്വഹണം ഏൽപ്പിച്ചിട്ടുള്ളത്.

2. വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിയന്ത്രണം തുടങ്ങിയ നിർദ്ദേശങ്ങൾ ആവർത്തിച്ച് പരാമർശിച്ച് കാണുന്നു. ഉറവിട മാലിന്യ സംസ്കരണം, വിവിധ വാർഡുകൾ കേന്ദ്രീകരിച്ചുള്ള ജൈവമാലിന്യ സംസ്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. (ഗാർഹിക ബയോഗ്യാസ്, വിവിധ തരത്തിലുള്ള കംപോസ്റ്റ് യൂണിറ്റുകൾ, ബയോബിന്നുകൾ തുടങ്ങിയ സംവിധാനങ്ങൾക്ക് സബ്സിഡി). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാസ്റ്റിക് കവറുകളുടെ നിയന്ത്രണം സംബന്ധിച്ച 24.09.2016ലെ ഉത്തരവ് നമ്പർ 567/16 പ്രകാരം വ്യാപാരികളിൽ നിന്ന് പ്രതിമാസം നിശ്ചിത നിരക്കിലുള്ള യൂസർ ഫീ ഈടാക്കാവുന്നതാണ്. പ്ലാസ്റ്റിക് മാലിന്യ ഷ്രെഡ്ഡിങ്ങ് മെഷീൻ എന്ന പദ്ധതി പ്രാവർത്തികമാവുന്നതു വരെ കുടുംബശ്രീക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ മാലിന്യം തരംതിരിവിന് നിയോഗിച്ച് അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ജൈവമാലിന്യം പ്ലാന്റിന്റെ പ്രവർത്തനത്തിന് വിനിയോഗിക്കാവുന്നതാണ്. ആയതിന് യൂസർ ഫീ ഈടാക്കി ഇതര ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

3. പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ വേസ്റ്റ് യാർഡ് വിപുലീകരണം

നടപ്പിലാക്കുന്നതിലൂടെ പ്രതി വർഷ കമ്പോസ്റ്റ് നിർമ്മാണം വർദ്ധിപ്പിച്ച് ജൈവവള വിപണനത്തിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

4. ജൈവവള നിർമ്മാണം വിപുലീകരികരിക്കുന്നതിന് ഉപേക്ഷിച്ച പദ്ധതികളായ ജൈവവള നിർമ്മാണത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മെഷീൻ, പ്ലാന്റിലേക്ക് വേണ്ട മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മിനി ട്രാക്ടർ വാങ്ങൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതും പരിഗണിക്കാവുന്നതാണ്.

5. പഞ്ചായത്തിന് അനുയോജ്യമായ സുസ്ഥിര ഖരമാലിന്യ സംവിധാനം ശുചിത്വ മെഷീൻ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദർ എന്നിവരുമായി ചേർന്ന് സാധ്യതാ പഠനം നടത്തി ഒരു സമഗ്ര പദ്ധതി രൂപീകരിക്കാവുന്നതാണ്. മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ 7.1.സി എന്ന ഖണ്ഡികയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്.

6. പദ്ധതി നിർവ്വഹണത്തിൽ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം, ശുചിത്വം), സ്റ്റാൻഡിങ്ങ് കമ്മറ്റി, നിർവ്വഹണോദ്യോഗസ്ഥർ തുടങ്ങിയവരുടെ പ്രവർത്തനം കൃത്യമായി ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

7. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം, ശുചിത്വം) പദ്ധതി മോണിട്ടറിങ്ങ് കൃത്യമായ ഇടവേളകളിൽ നിർവ്വഹിക്കേണ്ടതാണ്.

ഖരമാലിന്യ പദ്ധതി - സുസ്ഥിര സംവിധാനം ഏർപ്പെടുത്തേണ്ടതാണ്

പാലക്കാട് ജില്ലയിലെ തന്നെ ഏറ്റവും വലിയ പച്ചക്കറി, പഴം വിപണന മാർക്കറ്റുകൾ കൊടുവായൂർ ഗ്രാമ പഞ്ചായത്തിലെ ടൗൺ പ്രദേശത്ത് സ്ഥിതി ചെയ്യുന്നു. തമിഴ്നാട്ടിൽ നിന്നുംവരുന്ന പച്ചക്കറികൾക്കു പുറമെ പ്രാദേശിക ഉൽപ്പന്നങ്ങളും ഇവിടെ വിറ്റഴിക്കപ്പെടുന്നു. വളരെ പരിമിതമായ സ്ഥലസൗകര്യങ്ങളോടുകൂടിയാണ് വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ച വിപണന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നത്. പഞ്ചായത്തിന്റെ തന്നെ പതിനഞ്ചോളം മുറികൾ വരുന്ന ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് ഇവിടെ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്ത് വക തുറസ്സായ സ്ഥലത്ത് മാർക്കറ്റ് സ്റ്റാളുകൾ നടത്തുന്നതിന് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണം പഞ്ചായത്തിൽ പൂർണ്ണമായും ഫലപ്രദമായിട്ടില്ല.

പഞ്ചായത്ത് ചെമ്പോത്തുകുളമ്പ് എന്ന സ്ഥലത്ത് 2004-05 വർഷം തന്നെ 708515/- രൂപ മുതൽ മുടക്കി ഒരു മണ്ണിര കംപോസ്റ്റ് പ്ലാന്റ്, 397322/-രൂപ ചെലവിൽ ചുറ്റമതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. പ്രസ്തുത മാലിന്യ പ്ലാന്റിലേക്ക് മാലിന്യങ്ങൾ ശേഖരിച്ച് എത്തിക്കുകയും ആയത് മണ്ണിര കംപോസ്റ്റ് ജൈവവളമാക്കി വിപണനം നടത്തുന്നതിന് ഓരോ വർഷവും അതിന്റെ അവകാശം ലേലം ചെയ്ത് വരുകയുമായിരുന്നു. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് പഞ്ചായത്തിൽ 8 കണ്ടിൻജന്റ് തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആയതിന് ഒരു ട്രാക്ടറും നിലവിലുണ്ട്. എന്നാൽ വർഷങ്ങളായി പ്ലാന്റിലേക്ക് ശേഖരിച്ചിട്ടുള്ള അജൈവ മാലിന്യങ്ങൾ കുന്നുകൂടി പ്ലാന്റ് നിറയുന്ന അവസ്ഥയിൽ ബഹു. ജില്ലാ കളക്ടറുടെയും, പ്ലാനിങ്ങ് ഓഫീസറുടെയും സാന്നിദ്ധ്യത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ച് വികസന ഫണ്ടിൽ നിന്നും 7 ലക്ഷം ഉപയോഗിച്ച് വേസ്റ്റ് യാർഡിൽ നിന്ന് മാലിന്യം നീക്കം ചെയ്യൽ എന്ന പദ്ധതി 2017-18 ൽ നടപ്പിലാക്കി അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മറ്റിയുടെ

17.01.18 ലെ യോഗ തീരുമാനത്തിലധിഷ്ഠിതമായുള്ള സർക്കാർ ഉത്തരവ്(സാധാ)നം.370/18 /7.02.18 പ്രകാരം പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമായിട്ടുണ്ട്.

ഖരമാലിന്യ പദ്ധതിക്ക് സ്ഥിരം സംവിധാനം ഒരുക്കുന്നതിനായി പഞ്ചായത്ത് 2016-17 മുതൽ നിരവധി പദ്ധതികൾ രൂപീകരിച്ചെങ്കിലും അവ ഒന്നും തന്നെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. മണ്ണിര കംപോസ്റ്റ് യൂണിററ്, വേസ്റ്റ് യാർഡ് വിപുലീകരണം എന്ന പദ്ധതിക്കായി 2016-17 വർഷം 1900000/- രൂപ വകയിരുത്തിയെങ്കിലും 4.03.17 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം- 1 മുഖേന പദ്ധതി താഴെ കാണും വിധം ഭേദഗതി ചെയ്ത് തുകകൾ വകയിരുത്തിയിട്ടുണ്ട്.

വേസ്റ്റ് യാർഡിൽ നിന്ന് മാലിന്യം നീക്കം ചെയ്യൽ - 700000/-

മണ്ണിര കംപോസ്റ്റ് യൂണിററ്, വേസ്റ്റ് യാർഡ് വിപുലീകരണം - 1200000/-

24.03.17 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം -11 പ്രകാരം 2016-17 ലെ താഴെ പറയുന്ന പദ്ധതികൾ ഉപേക്ഷിച്ചുകാണുന്നു.

136/17 – പ്ലാസ്റ്റിക് മാലിന്യം പ്രൊസ്സസ്സിങ്ങ് - 435000/-

146/17 - മണ്ണിര കംപോസ്റ്റ് യൂണിററ്, വേസ്റ്റ് യാർഡ് വിപുലീകരണം - 1200000/-

മേൽ പ്രൊജക്ടുകൾക്ക് പകരമായി ജൈവവള നിർമ്മാണത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മെഷീൻ എന്ന പ്രൊജക്ടിന് 1635000 വകയിരുത്തിയിട്ടുണ്ടെങ്കിലും 2017-18ലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. കൂടാതെ പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ്ഡിങ്ങ് മെഷീൻ എന്ന പദ്ധതിക്ക് 1112700 വകയിരുത്തി പദ്ധതി നടപ്പിലാക്കിയിട്ടില്ല. പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് വേണ്ട ജൈവ മാലിന്യം ശേഖരിക്കുന്നതിന് 2017-18 ൽ കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം 600000 രൂപയും, ഗ്രാമ പഞ്ചായത്ത് തനത് ഫണ്ട് വിഹിതം 100000 രൂപയും ചേർത്ത് മിനി ട്രാക്ടർ വാങ്ങുന്നതിന് സംയുക്ത പദ്ധതി രൂപീകരിച്ചെങ്കിലും പദ്ധതി നടപ്പായില്ല. ലഭ്യമായ ബ്ലോക്ക് പഞ്ചായത്ത് വിഹിതം 600000 രൂപ സംയുക്ത പദ്ധതികൾക്കായുള്ള അക്കൗണ്ടിൽ (അക്കൗണ്ട് നം-799011400001632) ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നു. 2018-19 വർഷം പ്രസ്തുത ബ്ലോക്ക് വിഹിതത്തോടോപ്പം തനത് ഫണ്ട് വിഹിതമായി 200000 രൂപ കൂടെ വകയിരുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

30.11.17 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം - 36(1) പ്രകാരം 21.11.17 ന് മാർക്കറ്റിലെ വ്യാപാരികളുമായി യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ ജൈവ, അജൈവമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നത് പഞ്ചായത്ത് നേരിട്ട് നടപ്പിലാക്കണമെന്നും, ആയതിന് പഞ്ചായത്ത് നിശ്ചയിക്കുന്ന യൂസർ ഫീ നൽകാൻ വ്യാപാരികൾ തയ്യാറാണെന്നും കാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാസ്റ്റിക് കവറുകളുടെ നിയന്ത്രണം സംബന്ധിച്ച 24.09.2016ലെ ഉത്തരവ് നമ്പർ 567/16 പ്രകാരം അവരിൽ നിന്ന് 4000/-രൂപയോളം പ്രതിമാസം യൂസർ ഫീ ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. എന്നാൽ 2017-18 സാമ്പത്തിക വർഷം യൂസർ ഫീ ഇനത്തിൽ പഞ്ചായത്തിന് വരവൊന്നുമില്ല.

മേൽ പദ്ധതികളിൽ വികസന ഫണ്ടിൽ നിന്ന് 700000/- രൂപ വകയിരുത്തി വേസ്റ്റ്

യാർഡിൽ നിന്ന് മാലിന്യം നീക്കം ചെയ്യൽ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. നിറവ് സീറോ വേസ്റ്റ് മാനേജ്മെന്റ്, കോഴിക്കോട് മുഖേന 80,280കി.ഗ്രാം അജൈവ മാലിന്യം കർണാടകയിലെ മാണ്ഡ്യയിലുള്ള നിറവ് സെഗ്രിഗേഷൻ & റീസൈക്ലിങ്ങ് യൂണിറ്റിലേക്കാണ് നീക്കം ചെയ്തിട്ടുള്ളത്.

ഖരമാലിന്യ സംസ്കരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രകാരം വിഭാവനം ചെയ്ത പദ്ധതികളൊന്നും തന്നെ നടപ്പിലാക്കാതിരുന്നതിനും, ഉറവിട മാലിന്യ സംസ്കരണം, ജൈവ, അജൈവ മാലിന്യ സംസ്കരണം പഞ്ചായത്തിൽ നിലവിൽ പ്രാവർത്തികമാക്കുന്ന രീതി, 20.07.17ലെ പഞ്ചായത്ത് തീരുമാനം നം-1പ്രകാരം ജൈവവള വിപണനത്തിന് സ്വീകരിച്ച നടപടികൾ, എന്നിവ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/16.11.18) പഞ്ചായത്ത് നൽകിയ വിശദീകരണം താഴെ ചേർക്കുന്നു.

ഖരമാലിന്യ സംസ്കരണത്തിന് വിഭാവനം ചെയ്ത പദ്ധതികൾ ഉപേക്ഷിച്ചത് അവ നടപ്പിലാക്കുവാൻ കഴിയുകയില്ല എന്ന് ഭരണസമിതിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിലാണ്. 2018-19 ൽ പ്ലാസ്റ്റിക് മാലിന്യം ഷ്രെഡ്ഡിങ്ങ് മെഷീന് ക്ലീൻ കേരളയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

<u>ഓഡിറ്റ് വിലയിരുത്തലുകളും, നിർദ്ദേശങ്ങളും</u>

1. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായ മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം, ശുചിത്വം), സ്റ്റാൻഡിങ്ങ് കമ്മറ്റി, നിർവ്വഹണോദ്യോഗസ്ഥർ തുടങ്ങിയവരുടെ പ്രവർത്തനം കൃത്യമായി ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിക്ക് കഴിഞ്ഞിട്ടില്ല. 2016-17 മുതൽ അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതികൾ രൂപീകരിച്ചെങ്കിലും ടി ഉദ്യോഗസ്ഥൻ പദ്ധതി നിർവ്വഹണത്തിന് തയ്യാറായില്ല എന്ന് ഭരണസമിതി മിനുട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. 11.07.17 ന് ബഹു. ജില്ലാ കളക്ടർ വിളിച്ചു ചേർത്ത യോഗത്തിന്റെ അടിസ്ഥാനത്തിൽ 13.07.17 ലെ പഞ്ചായത്ത് തീരുമാനം നം -1 പ്രകാരമാണ് പിന്നീട് സെക്രട്ടറിയെ നിർവ്വഹണം ഏൽപ്പിച്ചിട്ടുള്ളത്.

2. വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ ഉറവിട മാലിന്യ സംസ്കരണം, പ്ലാസ്റ്റിക് നിയന്ത്രണം തുടങ്ങിയ നിർദ്ദേശങ്ങൾ ആവർത്തിച്ച് പരാമർശിച്ചു കാണുന്നു. ഉറവിട മാലിന്യ സംസ്കരണം, വിവിധ വാർഡുകൾ കേന്ദ്രീകരിച്ചുള്ള ജൈവമാലിന്യ സംസ്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതികൾ രൂപീകരിക്കാവുന്നതാണ്. (ഗാർഹിക ബയോഗ്യാസ്, വിവിധ തരത്തിലുള്ള കംപോസ്റ്റ് യൂണിറ്റുകൾ, ബയോബിന്നുകൾ തുടങ്ങിയ സംവിധാനങ്ങൾക്ക് സബ്സിഡി). തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാസ്റ്റിക് കവറുകളുടെ നിയന്ത്രണം സംബന്ധിച്ച 24.09.2016ലെ ഉത്തരവ് നമ്പർ 567/16 പ്രകാരം വ്യാപാരികളിൽ നിന്ന് പ്രതിമാസം നിശ്ചിത നിരക്കിലുള്ള യൂസർ ഫീ ഈടാക്കാവുന്നതാണ്. പ്ലാസ്റ്റിക് മാലിന്യ ഷ്രെഡ്ഡിങ്ങ് മെഷീൻ എന്ന പദ്ധതി പ്രാവർത്തികമാവുന്നതു വരെ കുടുംബശ്രീക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ മാലിന്യം തരംതിരിവിന് നിയോഗിച്ച് അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ച് ജൈവമാലിന്യം പ്ലാന്റിന്റെ പ്രവർത്തനത്തിന് വിനിയോഗിക്കാവുന്നതാണ്. ആയതിന് യൂസർ ഫീ ഈടാക്കി ഇതര ശുചീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതുമാണ്.

3. പദ്ധതിയിൽ വിഭാവനം ചെയ്ത രീതിയിൽ വേസ്റ്റ് യാർഡ് വിപുലീകരണം നടപ്പിലാക്കുന്നതിലൂടെ പ്രതി വർഷ കമ്പോസ്റ്റ് നിർമ്മാണം വർദ്ധിപ്പിച്ച് ജൈവവള വിപണനത്തിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

4. ജൈവവള നിർമ്മാണം വിപുലീകരികരിക്കുന്നതിന് ഉപേക്ഷിച്ച പദ്ധതികളായ ജൈവവള നിർമ്മാണത്തിന് ആധുനിക സൗകര്യങ്ങളോടുകൂടിയ മെഷീൻ, പ്ലാന്റിലേക്ക് വേണ്ട മാലിന്യങ്ങൾ ശേഖരിക്കുന്നതിന് മിനി ട്രാക്ടർ വാങ്ങൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതും പരിഗണിക്കാവുന്നതാണ്.

5. പഞ്ചായത്തിന് അനുയോജ്യമായ സുസ്ഥിര ഖരമാലിന്യ സംവിധാനം ശുചിത്വ മെഷീൻ, ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദർ എന്നിവരുമായി ചേർന്ന് സാധ്യതാ പഠനം നടത്തി ഒരു സമഗ്ര പദ്ധതി രൂപീകരിക്കാവുന്നതാണ്. മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-01-2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗ്ഗരേഖയിലെ 7.1.സി എന്ന ഖണ്ഡികയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുക്കേണ്ടതാണ്.

6. പദ്ധതി നിർവ്വഹണത്തിൽ ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം, ശുചിത്വം), സ്റ്റാൻഡിങ്ങ് കമ്മറ്റി, നിർവ്വഹണോദ്യോഗസ്ഥർ തുടങ്ങിയവരുടെ പ്രവർത്തനം കൃത്യമായി ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

7. ബന്ധപ്പെട്ട വർക്കിങ്ങ് ഗ്രൂപ്പ് (കുടിവെള്ളം, ശുചിത്വം) പദ്ധതി മോണിട്ടറിങ്ങ് കൃത്യമായ ഇടവേളകളിൽ നിർവ്വഹിക്കേണ്ടതാണ്.

## 3-19 വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : HM, GBLP സ്കൂൾ, കൊട്ടുവായൂർ

പ്രൊജക്ട് നമ്പർ : 19

പ്രൊജക്ട് : ഉച്ചഭക്ഷണത്തിന് പാത്രങ്ങൾ വാങ്ങൽ

അടങ്കൽ : 80000/-

ചെലവ് : 80000/-

ബിൽ നമ്പർ : 4/17-18 dt 23.3.18

ഉച്ചഭക്ഷണത്തിന് പാത്രങ്ങൾ വാങ്ങൽ എന്ന പദ്ധതിക്കായി 1) മുദ്ര മെറ്റൽസ് & ഫർണ്ണിച്ചർ, കൊട്ടുവായൂർ 2) ശബരി മെറ്റൽസ്, കൊയുവായൂർ എന്നീ രണ്ട് സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിച്ചിട്ടുണ്ട്. ആയതിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്ത ശബരി മെറ്റൽസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും, സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. സ.ഉ.(പി)നം.259/2010 /ത.സ്വ.ഭ.വ തിയതി 8-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ രേഖയിലെ മതിപ്പ വില 25000/- രൂപ മുതൽ ഒരു ലക്ഷം വരെയുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടിയാണ് സ്വീകരിക്കേണ്ടതെന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. ആയതനുസരിച്ച് 8-10 പേരിൽ നിന്നും (കുറഞ്ഞത് 5) നിരക്കുകൾ ക്ഷണിക്കേണ്ടതും 4 മുതൽ 6 വരെ ടെണ്ടറുകൾ ഉറപ്പാക്കേണ്ടതുമാണ്. മേൽ സൂചിപ്പിച്ച വാങ്ങലിൽ രണ്ട് ടെണ്ടറുകൾ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിറ്റ്സിൽ പ്രസ്തുത വാങ്ങലിന് അംഗീകാരം ലഭിച്ചിട്ടില്ല.

പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശയില്ലാതെ ഭരണസമിതി വാങ്ങലുകൾ സംബന്ധിച്ച് തീരുമാനമെടുക്കുകയും, വാങ്ങലുകൾ നടത്തുകയും ചെയ്തത് പ്രൊക്യൂർമെന്റ് മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമാണ്.
വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-20 സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കൽ -പ്രൊജക്ട് നടപ്പാക്കാത്തത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ : HM, GBLP സ്കൂൾ, കൊട്ടുവായൂർ

പ്രൊജക്ട് നമ്പർ : 21

പ്രൊജക്ട് : സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കൽ

അടങ്കൽ : 200000

സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കൽ എന്ന പ്രൊജക്ടിന് ലാപ് ടോപ് കമ്പ്യൂട്ടർ, പ്രൊജക്ടർ, ലാബ് ഉപകരണങ്ങൾ എന്നിവ ടെണ്ടർ മുഖേന വാങ്ങാൻ പ്രൊജക്ട് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുകയും ടെണ്ടർ നടത്തിയതിൽ കുറവ് തുക രേഖപെടുത്തിയ Themez Computer, ചിറ്റൂർ എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങാൻ 31.01.2018 ന് ചേർന്ന ഭരണ സമിതിയുടെ 30(1) തീരുമാനപ്രകാരം അംഗീകാരം ലഭ്യമാക്കിയെങ്കിലും പൊതുവിദ്യാഭ്യാസ വകുപ്പ് ഇറക്കിയ 6.1.18 ലെ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കാൻ സാധിക്കില്ല എന്ന് രേഖാമൂലം നിർവ്വഹണ ഉദ്യോഗസ്ഥൻ 23.02.18 ന് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ടെങ്കിലും തീരുമാനമൊന്നും സെക്രട്ടറിയോ ഭരണസമിതിയോ എടുത്തതായി രേഖപെടുത്തിയിട്ടില്ല.

G.O(Ms)2777/16/പൊതു വിദ്യാഭ്യാസ വകുപ്പ് ,തിയതി 26/08/16 ,

G.O(Ms)460/17/പൊതു വിദ്യാഭ്യാസ വകുപ്പ് ,തിയതി 20/2/17 ,

G.O(Rt)2515/17/പൊതു വിദ്യാഭ്യാസ വകുപ്പ് ,തിയതി 30/7/17

G.O(Rt)97/18/പൊതു വിദ്യാഭ്യാസ വകുപ്പ് ,തിയതി 6/1/2018

എന്നിവ പ്രകാരം പൊതുവിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ കമ്പ്യൂട്ടറും അനുബന്ധഉപകരണങ്ങളും വാങ്ങുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചുള്ള പർച്ചേസുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും പ്രസ്തുത നിബന്ധനകൾ ബാധകമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. Order no. NEP3/10192/2015/Dpi/dt 21.11.16 of the Director of public instruction പ്രകാരം

കമ്പ്യൂട്ടറുകളുടെ minimum Specification & Maximum Price നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 24830/- രൂപയാണ് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറിന് നൽകാവുന്ന പരമാവധി നിരക്ക്. കെൽട്രോണിൽ നിന്ന് നേരിട്ടോ മറ്റു സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ മുഖേനയൊ മേൽ പറഞ്ഞ നിരക്കിൽ അധികരിക്കാതെ വാങ്ങലുകൾ നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ മേൽ പറഞ്ഞ ഉത്തരവുകൾ ഒന്നും ശ്രദ്ധിക്കാതെ ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ഭരണസമിതി ടെണ്ടർ അംഗീകരിക്കുകയും ചെയ്തതിന് ശേഷമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മേൽ പറഞ്ഞ ഉത്തരവുകൾ പാലിക്കാത്തതിനാൽ പ്രൊജക്ട് നിർവ്വഹണം നടത്താൻ സാദ്ധ്യമല്ല എന്ന് കത്ത് നൽകിയത്. പ്രൊജക്ട് നിർവ്വഹണത്തിലെ ആസൂത്രണമില്ലായ്മയാണ് ഇത് കാണിക്കുന്നത്.

ആസൂത്രണസമിതി, സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ, ഗ്രാമസഭാനിർദ്ദശങ്ങൾ, വികസന സെമിനാർ എന്നിങ്ങനെ വിവിധ ആസൂത്രണഘട്ടങ്ങളിലൂടെ മേഖലയിലെ അടിസ്ഥാന വിവരങ്ങളും ആവശ്യകതയും തിരിച്ചറിഞ്ഞ് ആവിഷ്കരിക്കുകയും തുക വകയിരുത്തുകയും ചെയ്യുന്ന പദ്ധതികളാണ് അന്തിമപദ്ധതിരേഖയിൽ ഉൾപ്പെടുന്നവ. എന്നാൽ നിർവ്വഹണ ഘട്ടത്തിൽ ഇതിൽ നിന്നും വിഭിന്നമായി പദ്ധതി നടപ്പിലാക്കപ്പെടുന്നത് ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ വന്ന പോരായ്മയാണ്. ആയത് സംബന്ധിച്ച് മോണിറ്ററിംഗ് ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം മോണിറ്റർ ചെയ്യുകയോ കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-21 വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ-രേഖകൾ ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : HM, GBLP സ്കൂൾ, കൊടുവായൂർ

പ്രൊജക്ട് നമ്പർ : 20

പ്രൊജക്ട് : വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ

അടങ്കൽ : 45000

ചെലവ് : 45000

വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്ന പ്രൊജക്ടിന് താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ | തുക | തുക നൽകിയത് |
|---|---|---|---|
| 1 | 1/17-18/ 31.10.18 | 25,000 | ശിവദാസ് (യൂറിക്ക വാർഷിക വരിസംഖ്യ) |

| | | | |
|---|---|---|---|
| 2 | 2/17-18/ 17.03.18 | 10,000 | ഷാനവാസ് ( വൈറ്റ്ബോർഡ്) |
| 3 | 3/17-18 /21.03.18 | 10,000 | സിദീഷ് (ബാലപ്രസിദ്ധീകരണങ്ങൾ) |
| Total | | 45,000 | |

മേൽപറഞ്ഞവയിൽ യൂറിക്ക, ബാലപ്രസിദ്ധീകരണങ്ങൾ എന്നിവ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (14/19.11.18)നൽകിയെങ്കിലും ഹാജരാക്കിയില്ല. രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കുന്നതു വരെ 35,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-22 വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല

15.02.17 ന് ചേർന്ന വിദ്യാഭ്യാസത്തിന്റെ വർക്കിംഗ് ഗ്രൂപ്പിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്.

* പഞ്ചായത്തിലെ എയ്ഡഡ് സ്കൂളുകൾ ഉൾപെടെ ആവശ്യമായ സ്ഥലങ്ങളിൽ ശൗചാലയങ്ങളും കുടിവെള്ളവും ലഭ്യമാക്കുക.

* GBLP & GBUP സ്കൂളിൽ ശീതികരിച്ച കമ്പ്യൂട്ടർ ലാബ്

* 2 സർക്കാർ സ്കൂളിൽ ഫർണീച്ചർ, അലമാര,കസേര,ഡസ്ക്,സ്റ്റീൽ ടേബിൾ,,റാക്ക്

* 2 സർക്കാർ വിദ്യാലയങ്ങളിലും ശിശു സൗഹാർദ്ദ പെയിന്റിംഗ്

* 2 സർക്കാർ സ്കൂളിൽ ലൈബ്രറികൾ ആധുനിക സൗകര്യമുള്ളതാക്കുക

* 2 വിദ്യാലയങ്ങളിലേയും മുഴുവൻ ക്ലാസ് മുറികളും ഡിജിറ്റലൈസ് ചെയ്യുക

* GBUPS മഴവെള്ള സംഭരണി റിപ്പയർ

*GBUPS ൽ കിണർ, GBLPS ൽ ബോർവെൽ

* GBLP സ്കൂളിന് സ്വന്തമായി കളിസ്ഥലം, കിണർ റീചാർജിംഗ്

* GBLP സ്കൂൾ കോമ്പൗണ്ട് നിരപ്പാക്കൽ

എന്നാൽ മേൽപറഞ്ഞ നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. സ്മാർട്ട് ക്ലാസ്റൂം സജ്ജമാക്കൽ എന്ന പ്രൊജക്ടിന് അംഗീകാരം ലഭ്യമായെങ്കിലും പദ്ധതി നിർവ്വഹണത്തിലെ അപാകത മൂലം പ്രൊജക്ട് ഉപേക്ഷിക്കേണ്ടി വന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന 5 സ്കൂളുകളാണ് ഉള്ളത്

| ക്രമനമ്പർ | സ്കൂളിന്റെ പേര് |
|---|---|

| | |
|---|---|
| 1 | ജി.ബി.എൽ.പി. സ്കൂൾ, കൊട്ടുവായൂർ |
| 2 | JBS വടക്കംപാടം |
| 3 | VGMJBS വെട്ടുംപുള്ളി |
| 4 | DNMJBS നൊച്ചൂർ |
| 5 | ALPS എത്തനൂർ വെസ്റ്റ് |

മുകളിൽ പരാമർശിച്ച സ്കൂളുകളിൽ ലാബ് സൗകര്യം ഇല്ലെന്ന് ഹെഡ്മിസ്ട്രസ്സ് അറിയിച്ചിട്ടുണ്ട്. വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-23 വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ അവലോകനം

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം അംഗീകാരം ലഭ്യമായ 7 പ്രൊജക്ടുകളിൽ 6 എണ്ണം നടപ്പാക്കിയിട്ടുണ്ട്. അന്തിമ പദ്ധതിരേഖ പ്രകാരം തൻവർഷം അംഗീകാരം നേടിയ മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ എന്ന പദ്ധതിക്കായി വകയിരുത്തിയ അടങ്കലും യഥാർത്ഥത്തിലുള്ള ചെലവും തമ്മിൽ വൻ അന്തരം ഉണ്ട്.വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേര് | അന്തിമപദ്ധതി രേഖപ്രകാരം വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|
| 1 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ (പ്രൊജക്ട് നമ്പർ-8) | 930000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 330000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 2 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ (പ്രൊജക്ട് നമ്പർ-9) | 1240000/- (വികസനഫണ്ട് - SCP) | 400000/- (വികസനഫണ്ട്-SCP) |

ജനറൽ വിഭാഗത്തിനും എസ്.സി. വിഭാഗത്തിനും 31 ഗുണഭോക്താക്കൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും യഥാക്രമം 11, 10 പേർക്ക് മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളു.

9.12.17 ലെ ഭരണസമിതി അംഗീകരിച്ച 22(1) തീരുമാനപ്രകാരം മേൽപ്പുര റിപ്പയർ (ജനറൽ) പ്രൊജക്ടിൽ 45 ഗുണഭോക്താക്കൾ ഉള്ളതിൽ 11 പേർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. പ്രസ്തുത ലിസ്റ്റിൽ നിന്നും ക്രമനമ്പർ 3,10,11,17,19,20,25,26, 30,31,33 എന്നിവർക്കാണ്

ആനുകൂല്യം നൽകിയിരിക്കുന്നത്. 30.11.17 ലെ ഭരണസമിതി അംഗീകരിച്ച 11(1) തീരുമാനപ്രകാരം മേൽപ്പുര റിപ്പയർ (എസ്.സി.പി) പ്രൊജക്ടിൽ 31 ഗുണഭോക്താക്കൾ ഉള്ളതിൽ 10 പേർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. പ്രസ്തുത ലിസ്റ്റിൽ നിന്നും ക്രമനമ്പർ 7,11,12,15,16,18,20,22,25,26 എന്നിവർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. മേൽ പറഞ്ഞ പ്രൊജക്ടുകളിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ മുൻഗണനാക്രമം പാലിക്കാത്തതിനും ഗുണഭോക്താക്കളുടെ ആവശ്യകത വിലയിരുത്തി പദ്ധതി തുക വകയിരുത്താത്തതിനും ഓഡിറ്റ് അന്വേഷണം(9/14.11.18) നൽകിയതിന് കരാർ വെക്കാൻ തയ്യാറായവർക്ക് ആദ്യം തുക അനുവദിക്കുകയാണ് എന്ന മറുപടിയാണ് ലഭിച്ചത്. സബ്സിഡിമാർഗ്ഗരേഖ ജി ഒ (എം.എസ്)നം. 80/2017/ത.സ്വ.ഭ.വ. തീ.03.04.2017 പ്രകാരം മേൽക്കൂര റിപ്പയറിന് പുതിയ വീട് നിർമ്മിച്ചവർക്ക് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞാൽ മാത്രമെ ആനുകൂല്യം നൽകാവൂ. ഇത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല. മേൽപുര റിപ്പയർ (ജനറൽ) എന്ന പ്രൊജക്ടിന് (8/17-18) ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചതിന് സാധൂകരണം നൽകാൻ 31.03.2018 ന് ചേർന്ന ഭരണസമിതി തീരുമാനം 13(1) പ്രകാരം അപേക്ഷ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കളിമൺ പാത്രനിർമ്മാണത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്ടിന് (പ്രൊജക്ട് നമ്പർ-128) അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും (അടങ്കൽ-6,75,000) ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കാത്തതിനാൽ പദ്ധതി തൻവർഷം നടപ്പിലാക്കാൻ സാധിച്ചില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പദ്ധതി നിർവ്വഹിക്കുവാൻ കഴിയാത്തതിനാൽ അനുവദിച്ച പദ്ധതിഫണ്ട് നഷ്ടമാകുന്നതിനിടയാക്കപ്പെട്ടു.പദ്ധതി രൂപീകരണ വേളയിൽ തന്നെ പ്രൊജക്ടിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതോടൊപ്പം ആവശ്യകതയും ഫീസിബിലിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.പദ്ധതിയുടെ നിർവ്വഹണം സറ്റാൻിംഗ് കമ്മിറ്റികൾ വിലയിരുത്തി ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ച് നടപ്പിലാക്കുവാൻ സാധ്യമാവാത്തപക്ഷം മറ്റു പദ്ധതികൾക്കായി പ്രസ്തുത ഫണ്ട് വകയിരുത്താവുന്നതാണ്.ഭാവിയിൽ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളെ ഒഴിവാക്കി വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തെരെഞ്ഞെടുത്ത് പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതാണ്.

# 3-24 അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്താനുദ്ദേശിച്ച രൂപീകരിച്ച താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് സാധിച്ചിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ഫണ്ടിനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 10 | ജാഗ്രതാസമിതി | 11500 | പൊതുവിഭാഗം (ജനറൽ) |
| 2 | 13 | അംഗൻവാടികൾക്ക് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 222000 | മെയിന്റൻസ് ഫണ്ട് (റോഡിതരം) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.11.18) പരാതികളൊന്നും ലഭ്യമല്ലാത്തതിനാലാണ് ജാഗ്രതാസമിതി പ്രൊജക്ട് നടപ്പാക്കാത്തതെന്ന് മറുപടി നൽകിയിട്ടുണ്ട്. സ.ഉ.(സാധാ)നം.1683/17/ത.സ്വ.ഭ.വ തീ.23.5.17 ഖ.12(2)(8) പ്രകാരം ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ പ്രൊജക്ടിന് അംഗീകാരം ലഭ്യമായെങ്കിലും നടപ്പാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.11.18) എല്ലാ അംഗൻവാടികളുടെയും ഭൗതിക സാഹചര്യം മനസ്സിലാക്കിയതിനു ശേഷം അത്യാവശ്യമുള്ളവയെ കണ്ടെത്തിയതിനു ശേഷം പ്രൊജക്ട് നടപ്പിലാക്കാം എന്ന മറുപടിയാണ് ലഭിച്ചത്.

വനിതാ വികസനം വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ചതിൽ 15.02.17 ന് ചേർന്ന വികസന സെമിനാറിൽ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നിർദ്ദേശങ്ങൾ ഉയർന്നു വന്നിരുന്നുവെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഇത് സംബന്ധിച്ച് തുടർനിർദ്ദേശങ്ങളൊ നടപടിയോ ഉണ്ടായിട്ടില്ല. മേൽ നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി യാതൊരു നിർദ്ദേശങ്ങളും വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ ഭരണസമിതിയിലൊ ഉണ്ടായതായി മിനുട്ടുസിൽ കാണുന്നില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഭരണസമിതി അംഗീകരിച്ചതിന് ശേഷമുള്ള പ്രൊജക്റ്റിന് അന്തിമ രൂപം നൽകുന്നതിന് മുമ്പ് തന്നെ പദ്ധതി നടപ്പിലാക്കാനാവശ്യമായ എല്ലാ ഘടകങ്ങളും ഉറപ്പ് വരുത്തേണ്ടതാണ്.

2)പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയതിന് ശേഷം ആയത് നിർദ്ദിഷ്ട കാലയളവിൽ തന്നെ പൂർത്തിയാക്കുവാൻ സാധിക്കുമെന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രൊജക്റ്റുകൾ നടപ്പാക്കാത്തത് മൂലം ഇവയ്ക്കായി വകയിരുത്തിയ സ്രോതസ്സ് മറ്റ് സാധ്യതകൾക്ക് വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-25 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

കൊട്ടുവായൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ച് വരുന്ന അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അടിസ്ഥാന വിവരം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | 02(വെട്ടംപുള്ളി, മുല്ലക്കൽ) |
| 2 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 05 |
| 3 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 01 |
| 4 | ഫാൻ ഇല്ലാത്തവയുടെ എണ്ണം | 01 |
| 5 | ചുറ്റ് മതിൽ ഇല്ലാത്തവയുടെ എണ്ണം | 01 |
| 6 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 8 |
| 7 | ബേബി ഫ്രണ്ടലി ടോയലറ്റ് ഇല്ലാത്തവയുടെ എണ്ണം | 22 |
| 8 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | - |
| 9 | ധാന്യ സംഭരണികൾ ഇല്ലാത്തവ | 5 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം 7,66,102 രൂപ കേന്ദ്ര ഫണ്ടിനത്തിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ആയതിൽ പോഷകാഹാരത്തിനുള്ള തുക മാറ്റി വെച്ച് ബാക്കി തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വിനിയോഗിക്കേണ്ടതാണ്.

അങ്കണവാടികളുടെ പ്രവർത്തനം, പോഷകാഹാര വിതരണം ഫലപ്രദമാണോ എന്ന് ഉറപ്പാക്കേണ്ടതിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-26 ടി.എച്ച്.ആർ.എസ് ലാബ് റിപ്പോർട്ട് സംബന്ധിച്ച്

കൊടുവായൂർ ഗ്രാമ പഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അംഗണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2017-18 സാമ്പത്തിക

വർഷത്തിൽ 27.09.17 ന് മാത്രമാണ് ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ. ആയതിനുള്ള ലാബ് റിപ്പോർട്ട് പ്രസ്തുത കാലയളവിൽ ലഭ്യമായിട്ടുണ്ട്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.12.2010ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫാസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-27 അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നില്ല

തദ്ദേശ സ്വയംഭരണവകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൺവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/14.11.18) അംഗൻവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചെങ്കിലും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൺവാടികളുടെ മാത്രമേ ലഭിച്ചിട്ടുള്ളൂ എന്ന മറുപടിയാണ് ലഭിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൺവാടി പ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. മേൽ പറഞ്ഞ സർക്കാർ നിർദേശം പാലിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1379411 | നെൽകൃഷി കൂലി ചെലവ് | 1379411 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1970589 | നെൽകൃഷി കൂലി ചെലവ് | 1970589 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 90000 | നെൽകൃഷി കൂലി ചെലവ് | 90000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 600000 | മിനി ട്രാക്ടർ വാങ്ങിക്കൽ | 0 | 600000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റീവ് പരിചരണ പദ്ധതി | 161947 | 38053 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 37/21.03.2018 | 547074 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ.എസ്.ഇ.ബി | വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ | 38/21.03.2018 | 900000 | - | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | 2187/10 /തസ്വഭവ, തീയതി. 03.07.2010 | 10996200 | 1329910 | 974673 | - | 355237 |

•

## 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 45484രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | 3-9 | 4000 | ഡോ.ശെൽവരാജ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 117020100357/ 19.04.2017 |
| 2015-16 | 3-7 | 19867 | ശ്രീ.എം.കെ.വിനോദ്, അസിസ്റ്റന്റ് എഞ്ചിനീയർ | 117020102021/ 12-06-2017 |
| 2016-17 | 3-11 | 11200 | ശ്രീ.ഉണ്ണി.കെ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | 117020107396/ 15.12.2017 |

| | | | | |
|---|---|---|---|---|
| 2016-17 | 3-11 | 8150 | ശ്രീമതി.അനഘ.ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | 117020106684/ 22.11.2017 |
| 2016-17 | 3-11 | 2267 | ശ്രീ.ഉണ്ണി.കെ.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | 117020107396/ 15.12.2017 |
| | ആകെ | 45484 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-14(3) | 2006-07 | 3-70-1 | രാസവളത്തിനു മാത്രമായി സബ്സിഡി | സമിതി അന്തിമമായി തീർപ്പാക്കിയിട്ടില്ല |
| ലഘു അവലോകനം | - | 2013-14 | 6 -2 | പൊതുമാർക്കറ്റ്/ഷോപ്പിങ്ങ് കോംപ്ലക്സ്/ ബസ് സ്റ്റാൻഡ്/ കമ്മ്യൂണിറ്റി ഹാൾ/ലേലം/ വാടക/ ലൈസൻസ് വരുമാനം | ടി |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 82111459 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 92819309 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 118750 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 206163 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | | 4250 | ശ്രീമതി അനുഷ. ആർ. അസി. എഞ്ചിനീയർ |
| 3-10 | | 108171(fine) | ശ്രീമതി അനുഷ. ആർ. അസി. എഞ്ചിനീയർ |
| 3-13 | | 6329 | ശ്രീമതി അനുഷ. ആർ. അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 20471 | ശ്രീമതി അനുഷ. ആർ. അസി. എഞ്ചിനീയർ |
| 3-14 | 185692 | ശ്രീമതി അനുഷ. ആർ. അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.അനഷ.ആർ.<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>കൊട്ടുവായൂർ<br>ഗ്രാമപഞ്ചായത്ത്<br>( On Maternity Leave) | ആര്യംപള്ളം,<br>ചിറ്റൂർ.പി.ഒ,<br>പാലക്കാട്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ് പി 8-1092/02/ 8.1.2003 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി 13-1065(1)/03 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി 9-973/05/ 5.5.06 | പ്രാദേശിക പരിശോധന റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.പി 9-606/01/ 13.10.2009 | ഡയറക്ടർക്കുള്ള കത്ത് |
| 2000-01 | എൽ.എഫ് പി 9-1388/04/ 17.10.2006 | സർച്ചാർജ്ജ്-തുടർ നടപടികൾ |
| 2001-02 | എൽ.എഫ് പി 9-362/06/ 30.1.07 | ഓഡിറ്റ് റിപ്പോർട്ട് |
| 2002-03 | എൽ.എഫ് പി 9-34/08/ 14.5.2010 | ഫർദർ റിമാർക്സ് |
| 2003-04 | എൽ.എഫ് പി 9-895/09/ 20.11.2009 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ് പി 9-36/08/ 14.5.10 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ് പി 9-995/09/ 24.1.2011 | ഫർദർ റിമാർക്സ് |
| 2006-07 | എൽ.എഫ് പി 9-996/09/ 18.3.2010 | ഫർദർ റിമാർക്സ് |
| 2007-08 | എൽ.എഫ് പി 19-204/13/ 7.1.9.2013 | കത്ത് |
| 2008-09 | എൽ.എഫ് പി 19-1716/12/24.192013 | ഫർദർ റിമാർക്സ് |
| 2009-10 | എൽ.എഫ്.പി 19-2315/12/ 7.12.2012, 16.3.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | എൽ.എഫ് പി 19-2315/12/7.12.2012,16.3.13 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | എൽ.എഫ് പി 19-2022/13-10.2.14/6.3.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി.19/2459/14 /10.2.2015 | ഓഡിറ്റ് റിപ്പോർട്ട് |

| | | |
|---|---|---|
| 2013-14& 2014-15 | കെ.എസ്.എ.പി.കെ.ഡി-19-1361/2016 /04.08.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി-18-189/2017 /29.01.2017 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.പി.കെ.ഡി-18-1900/2017 /24.10.2017 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി.21/1904(20)/2018 തിയതി:29-8-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം

തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1) 3 മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ" (Liability in respect of stale cheque) എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

2) വാർഷിക ധനകാര്യ പത്രികയിലെ വസ്തുനികുതി ഡിമാന്റും കളക്ഷനും തമ്മിലുള്ള വ്യത്യാസമല്ല ബാലൻസ്ഷീറ്റിൽ ഉൾപ്പെട്ടിരിക്കുന്നത്. വാർഷിക കണക്കിലെയും അരിയർ ഡിമാന്റ് രജിസ്റ്ററിലെയും തുകകൾ പൊരുത്തപ്പെടുന്നില്ല.

3) തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

4) സംയുക്ത സംരംഭത്തിനായുള്ള ബ്ലോക്ക് വിഹിതം 738053/- രൂപ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എ.സി.ആർ പ്രകാരം 600000/-രൂപയാണ് അവശേഷിക്കുന്നത്.

5) 320300102 എന്ന അക്കൗണ്ട് ഹെഡിൽ 1781839/- രൂപയാണ് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4ൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എ.സി.ആർ പ്രകാരം 1832262/-രൂപയാണ്.

6) 430100102 എന്ന അക്കൗണ്ട് ഹെഡിൽ 99950/- രൂപയായി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-14ൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

7) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

8) പാർട്ട് ബിൽ ആയി നൽകുന്ന തുകകൾ capital work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തുകയും ഫൈനൽ ബിൽ നൽകുന്ന മുറയ്ക്ക് തുകകൾ അതാത് ആസ്തികളിലേയ്ക്ക് വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ടെങ്കിലും വർക്ക്ഷീറ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

9) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10) നിർവഹണോദ്യോഗസ്ഥർ പഞ്ചായത്തിൽ നിന്നുള്ള വരവ് ചെലവുകൾ രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്- സംക്ഷിപ്തം

Koduvayur Grama Panchayat

Receipt And Payment Statement

For the period from 01-April-2017 To 31-March-2018

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 20766774.00 |
| | Cash | RP-40(a) | 0.00 |
| Operating | Receipts | | |
| 110000000 | Tax Revenue | RP-1 | 1314686.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 2400.00 |
| 140000000 | Fees & User Charges | RP-4 | 1632793.00 |
| 150000000 | Sale & Hire Charges | RP-5 | 122360.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 53463698.00 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 279370.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 14128899.00 |
| 350000000 | Other Liabilities | RP-36 | 274074.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 60196.00 |
| 311000000 | Earmarked Funds | RP-29 | 24600.00 |
| 340000000 | Deposits Received | RP-34 | 529783.00 |
| 350000000 | Other Liabilities | RP-36 | 448530.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9274499.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | RP-44 | 0.00 |
| 460000000 | Loans, Advances and Deposits | RP-47 | 555571.00 |
| | Grand Total | | 102878233.00 |
| | Payments | | |
| 210000000 | Establishment Expenses | RP-11 | 4467047.00 |
| 220000000 | Administrative Expenses | RP-12 | 926276.00 |
| 230000000 | Operations & Maintenance | RP-13 | 3656504.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 9496153.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 13586231.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 2166056.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 1150389.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralisation) | RP-19 | 1142080.00 |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 10263528.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 6235086.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 20950.00 |
| 280000000 | Prior Period Item | RP-26 | 11073.00 |
| 311000000 | Earmarked Funds | RP-29 | 0.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3020978.00 |
| 350000000 | Other Liabilities | RP-36 | 5902739.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 11550.00 |
| 311000000 | Earmarked Funds | RP-29 | 30000.00 |
| 312000000 | Reserves | RP-30 | 327796.00 |
| 330000000 | Secured Loans | RP-32 | 974673.00 |
| 340000000 | Deposits Received | RP-34 | 54168.00 |
| 350000000 | Other Liabilities | RP-36 | 2817777.00 |
| 410000000 | Fixed Assets | RP-38 | 6034721.00 |
| 412000000 | Capital Work In Progress | RP-40 | 6756605.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12975108.00 |
| 460000000 | Loans, Advances and Deposits | RP-47 | 791821.00 |
| | Closing Balance | | |
| | Bank | RP-40(b) | 10058924.00 |
| | Cash | RP-40(b) | 0.00 |
| | Grand Total | | 102878233.00 |

Koduvayur Grama Panchayath

Income & Expenditure Statement

For the period from 01-April-2017 to 31-March-2018

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| 110000000 | Tax Revenue | I-1 | 6051059.00 |
| 130000000 | Rental Income from Panchayat Properties | I-3 | 1270433.00 |
| 140000000 | Fees & User Charges | I-4(b) | 3687543.00 |
| 150000000 | Sale & Hire Charges | I-5(b) | 122360.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 117744493.00 |
| 171000000 | Interest Earned | I-8 | 279370.00 |
| 180000000 | Other Income | I-9 | 60196.00 |
| A | Total-Income | | 129215454.00 |
| Expenditure | | | |
| 210000000 | Establishment Expenses | I-10(b) | 12634446.00 |
| 220000000 | Administrative Expenses | I-11(b) | 902455.00 |
| 230000000 | Operations & Maintenance | I-12(b) | 3879111.00 |
| 240000000 | Interest & Finance Charges | I-13 | 24960.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 13843210.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 26547235.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1028980.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(c) | 1150389.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | 50071558.00 |
| 255000000 | Maintenance Projects | I-14(e) | 10263528.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 6235086.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 20950.00 |
| B | Total-Expenditure | | 126601908.00 |
| C = A-B | *Gross Surplus/Deficit of Income over Expenditure* | | 2613546.00 |
| D=280000000 | Prior Period Item | I-18 | 3389860.00 |
| E = C-D<br><br>290000000 | *Gross Surplus/Deficit of Income over Expenditure after prior period items*<br><br>Transfer to Reserve Funds | | (776314.00) |
| | *Net Balance being surplus/deficit carried over to Balance sheet (Panchayat Fund)* | | |

Koduvayur Grama Panchayath

BALANCE SHEET

As on 31-March-2018

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| LIABILITIES | | | |
| | Reserve& Surplus | | |
| 310000000 | Muncipal (General) Fund [Code No 310] | B-1 | 36713252.11 |
| 311000000 | Earmarked Funds | B-2 | 137107.00 |
| 312000000 | Reserves | B-3 | 35353472.00 |
| | Total Reserve& Surplus | | 72203831.11 |
| 320000000 | Grants,Contributions for specific purposes<br><br>Grants, Funds & Contributions for | B-4 | 3779623.00 |

| | | | |
|---|---|---|---|
| | Specific Purposes | | |
| | Total Grants,Contributions for specific purposes | | 3779623.00 |
| 330000000 | Loans<br><br>Secured Loans | B-5 | 355737.00 |
| | Total Loans | | 355737.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 932854.00 |
| 341000000 | Deposit Works | B-8 | 1000.00 |
| 350000000 | Other Liabilities | B-9 | 1731894.99 |
| | Total Current Liabilities and Provisions | | 2665748.99 |
| | TOTAL LIABILITIES | | 79004940.10 |
| | ASSETS | | |
| 432000000 | Current Liabilities and Provisions<br><br>Accumulated Provisions Against Debtors (Receivables) | B-15(a) | 0.00 |
| | Total Current Liabilities and Provisions | | 0.00 |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 41490999.00 |
| 412000000 | Capital Work In Progress | B-11(a) | 6756605.00 |
| | Total Fixed Assets | | 48247604.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock in hand | B-14 | 99950.00 |
| 431000000 | Sundry Debtors (Receivables) | B-15 | 20120775.00 |
| 440000000 | Pre-paid Expenses | B-16 | 355237.00 |
| 450000000 | Cash and Bank balance | B-17 | 10058924.00 |
| 460000000 | Loans, Advances and Deposits | B-18 | 122450.00 |

| | | | |
|---|---|---|---|
| | Total Current Assets,Loans and Advances | | 30757336.00 |
| | TOTAL ASSETS | | 79004940.10 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്, പാലക്കാട്